# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെള്ളാങ്ങല്ലൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TSR P15 / 275/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 11/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളാങ്ങല്ലൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെള്ളാങ്ങല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളാങ്ങല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA TSR P15 / 275/2023 തീയ്യതി: 11/04/2023

## തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 27-01-2023 | 04-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-01-2023 | 04-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ബിത ടി.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീ.സിജു പി.ഡാംസൺ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ധന്യ എ സുരേന്ദ്രൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.മുകേഷ്.എം.എം | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ഉമ്മേഷ്.എ.അർ | സെക്രട്ടറി | 01-04-2021 | 31-05-2021 |
| ശ്രീ.മൈക്കിൾ.കെ.എഫ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2021 | 28-06-2021 |
| ശ്രീ.സജീവ് കുമാർ കെ.ബി | സെക്രട്ടറി | 29-06-2021 | 31-03-2022 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.മൈക്കിൾ.കെ.എഫ് | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.സഞ്ജു.സി.ആർ | കൃഷി ഓഫീസർ | 01-04-2021 | 27-10-2021 |
| ശ്രീമതി. ധന്യ. വി | കൃഷി ഓഫീസർ | 28-10-2021 | 31-03-2022 |
| ശ്രീമതി.സിമി സെബാസ്റ്റ്യൻ | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.അജിത്ത് തോമസ് | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.ജ്യോത്സന.എം.പി | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.സുബിത.കെ.ജി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.അജിത്ത് ബാബു | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.രാജാമണി | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-05-2021 |
| ശ്രീമതി.മീര | ഹെഡ്മിസ്ട്രസ് | 01-06-2021 | 01-12-2021 |
| ശ്രീമതി.കദീജാബി | ഹെഡ്മിസ്ട്രസ് | 02-12-2021 | 31-03-2022 |
| ശ്രീമതി.ജയന്തി.സി.ആർ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഇഷ മുരളി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ദീപ.എസ് | വി.ഇ ഒ.,തെക്കുംകര സർക്കിൾ | 01-04-2021 | 30-09-2021 |
| ശ്രീമതി.ജാസ്മിൻ സി.എ | വി.ഇ ഒ.,തെക്കുംകര സർക്കിൾ | 01-10-2021 | 31-03-2022 |
| ശ്രീമതി.ദീപ.എസ് | വി.ഇ ഒ.,വടക്കുംകര സർക്കിൾ | 01-04-2021 | 30-09-2021 |

| | | | |
|---|---|---|---|
| ശ്രീമതി.ജാസ്മിൻ സി.എ | വി.ഇ ഒ.,വടക്കുംകര സർക്കിൾ | 01-10-2021 | 31-03-2022 |
| ശ്രീമതി.സിനി.ടി.എം | വി.ഇ ഒ.,വള്ളിവട്ടം സർക്കിൾ | 01-04-2021 | 30-09-2021 |
| ശ്രീമതി .ശ്രീദേവി കെ. എ | വി.ഇ ഒ.,വള്ളിവട്ടം സർക്കിൾ | 01-10-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമപെൻഷനുകൾ | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷികകണക്കിലെ അപാകതകൾ | 1-10 |
| 11 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10-1 |
| 12 | വസ്തു നികുതി --ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-2 |
| 13 | വസ്തു നികുതി മുൻകൂർ- തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു | 1-10-3 |
| 14 | ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-4 |
| 15 | വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-10-5 |
| 16 | ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല | 1-10-6 |
| 17 | വരവ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. | 1-10-7 |
| 18 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൌച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-8 |
| 19 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-10-9 |
| 20 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-10 |
| 21 | ഡിപ്രിയിസേഷൻ - അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല. | 1-10-11 |
| 22 | അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | 1-10-12 |
| 23 | പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രക തയ്യാറാക്കിയിട്ടില്ല. | 1-10-13 |
| 24 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. | 1-10-14 |

| | | |
|---|---|---|
| 25 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി. | 1-10-15 |
| 26 | സിഎഫ്സി ഗ്രാന്റ് -ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല | 1-10-16 |
| 27 | ലോൺ-രജിസ്റ്റർ ഹാജരാക്കിയില്ല | 1-10-17 |
| 28 | ബാങ്ക് റീകൺസീലിയേഷൻ-തുടർനടപടി സ്വീകരിക്കേണ്ടതാണ്. | 1-10-18 |
| 29 | വരവ് രജിസ്റ്റർ പൊരുത്തപ്പെടുന്നില്ല. | 1-10-19 |
| 30 | ആസ്തി നിർമിച്ചത് തെറ്റായി റവന്യ ചെലവായി രേഖപ്പെടുത്തി | 1-10-20 |
| 31 | ഗ്രാന്റ് പത്രിക പ്രകാരം ചെലവ്- വാർഷികകണക്കിൽ തുക ഉൾപ്പെട്ടില്ല | 1-10-21 |
| 32 | Prior Period -വൌച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-22 |
| 33 | തൊഴിൽനികുതി ഈടാക്കേണ്ടതാണ്. | 1-11 |
| 34 | വസ്തുനികുതി പരിഷ്ക്കരണം-ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി തീരുമാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-12 |
| 35 | ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾക്ക് ചട്ടം പാലിക്കാതെ വസ്തുനികുതിയിളവ് നൽകി. | 1-13 |
| 36 | വസ്തുനികുതി നിർണ്ണയ അപാകതകൾ | 1-14 |
| 37 | കെട്ടിട വാടക- അപാകതക**ൾ** | 1-15 |
| 38 | വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ | 1-16 |
| 39 | ലൈസ**ൻ**സ് ഇല്ലാതെ ഹോസ്പിറ്റ**ൽ** പ്രവ**ർ**ത്തിക്കുന്നു. | 1-17 |
| 40 | പെ**ർ**മിറ്റില്ലാതെ ആരംഭിച്ച നി**ർ**മ്മാണം റഗുലറൈസ് ചെയ്തിട്ടില്ല. | 1-18 |
| 41 | അനധികൃത നി**ർ**മ്മാണവും റഗുലറൈസേഷനും സംബന്ധിച്ച് ചട്ടപ്രകാരമുള്ള രജിസ്റ്ററുക**ൾ** രേഖക**ൾ** സൂക്ഷിച്ചിട്ടില്ല. | 1-19 |
| 42 | പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി - പദ്ധതിയി**ൽ** തുടരാത്ത ഗുണഭോക്താക്ക**ൾ**ക്കായി SLBP ക്ക് കൈമാറിയ സബ്സിഡി തുക തിരികെ ഈടാക്കേണ്ടതാണ്. | 1-20 |
| 43 | പുറമ്പോക്ക് ഭൂമി കയ്യേറി നി**ർ**മ്മാണ പ്രവ**ർ**ത്തനം | 1-21 |
| 44 | കേരള സ്റ്റേറ്റ് ഐ ടി മിഷന് മു**ൻ**കൂ**ർ** തുക കൈമാറി- കമ്പ്യൂട്ട**ർ**, അനുബന്ധ ഉപകരണങ്ങ**ൾ** എന്നിവ ഓഡിറ്റ് തിയ്യതിയിലും ലഭ്യമായിട്ടില്ല. | 1-22 |
| 45 | മെഡിക്കൽ ഓഫീസർ ഹോമിയോ- മരുന്ന് ലഭ്യമാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. | 1-23 |
| 46 | സാക്ഷരതാ തുല്യതാ പഠനം-രേഖകൾ ഹാജരാക്കിയില്ല | 1-24 |
| 47 | ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-25 |

| | | |
|---|---|---|
| 48 | തുക ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറാതെ നിർവ്വഹണോദ്യോഗസ്ഥന്റെ അക്കൗണ്ടിലേയ്ക്ക് മാറ്റുന്നു | 1-26 |
| 49 | അങ്കണവാടി പോഷകാഹാര പദ്ധതി -രേഖകൾ ഹാജരാക്കിയില്ല – ₹14,96,565 രൂപ തടസ്സപ്പെടുത്തുന്നു | 1-27 |
| 50 | ജൻഡർ റിസോഴ്സ് സെന്റർ പ്രവർത്തനവും കമ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റരുടെ ഓണറേറിയവും -രേഖകൾ ഹാജരാക്കുന്നതു വരെ ₹65029 രൂപ തടസ്സപ്പെടുത്തുന്നു | 1-28 |
| 51 | ക്യാഷ് ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല | 1-29 |
| 52 | സ്റ്റോക്കിലെടുത്തിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കേണ്ടതാണ്-ചെലവു തുക 148385 രൂപ തടസ്സപ്പെടുത്തുന്നു | 1-30 |
| 53 | മെഡിക്കൽ ഓഫീസർ പി എച്ച് സി നിർവ്വഹണം നടത്തിയ പദ്ധതികൾ-രേഖകൾ ലഭ്യമാക്കിയില്ല | 1-31 |
| 54 | കെൽട്രോണിന് മുൻകൂർ-കമ്പ്യൂട്ടർ നാളിതുവരെ ലഭ്യമായിട്ടില്ല | 1-32 |
| 55 | ABC പ്രോഗ്രാം- വിനിയോഗ സാക്ഷ്യപത്രം ഇല്ല. | 1-33 |
| 56 | തെരുവുവിളക്ക് അറ്റകുറ്റപണി- ജി എസ് ടി ഇൻവോയ്സ് ഇല്ല, കരാറിൽ നിരക്ക് രേഖപ്പെടുത്തുന്നില്ല | 1-34 |
| 57 | അറവ് ശാല സ്ഥാപനം- അളവ് പുസ്തകത്തിൽ നാളിതുവരെയുള്ള പ്രവൃത്തി മൂല്യം കണക്കാക്കാതെ തുക നല്കി-600225.55 രൂപ നിരാകരിക്കുന്നു. | 1-35 |
| 58 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകൾ-പ്രവൃത്തികൾക്ക് ജിഎസ്ടി ഇൻവോയ്സ് ലഭ്യമാക്കുന്നില്ല-കരാറുകാരൻ ജിഎസ് ടി അടവാക്കുന്നത് ഉറപ്പാക്കാൻ സാധിക്കുന്നില്ല | 1-36 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അറവ് ശാല സ്ഥാപനം- അളവ് പുസ്തകത്തിൽ നാളിതുവരെയുള്ള പ്രവൃത്തി മൂല്യം കണക്കാക്കാതെ തുക നല്കി-600225.55 രൂപ നിരാകരിക്കുന്നു. | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 19.02.2021, തീരുമാനം നം.2 | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 232280879 | 220940034 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 09.03.2022, തീരുമാനം നം. 6[1] | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 267740327 | 258184921 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 30.07.2022 |

### 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 34860809.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 118124134.00 |
| ആകെ | 152984943.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 106265683.00 |
| നീക്കിയിരിപ്പ് | 46719260.00 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 18324939 | 18324939 | 18324939 | - |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 4949895 | 4949895 | 4838000 | 111895 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 15806000 | 15806000 | 4481481 | 11324519 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5212681 | 5212681 | 4705645 | 507036 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 15283501 | 15283501 | 9557268 | 5726233 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ | നടപ്പിലാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതി തുകയുടെ | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണത്തിന്റെ |
|---|---|---|---|---|---|

| | (തുക) | | | ശതമാനം | ശതമാനം |
|---|---|---|---|---|---|
| 216 | 133966466 | 164 | 80342671 | 60% | 76% |

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 7,163,200.00 | 409 |
| വിധവാ പെൻഷൻ | 26,561,000.00 | 1696 |
| വാർദ്ധക്യകാല പെൻഷൻ | 48,989,000.00 | 3133 |
| വികലാംഗ പെൻഷൻ | 7,922,800.00 | 514 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,206,000.00 | 75 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 420,000.00 | 14 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5476 | 1242750 | 1248226 | 1248226 | - |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 22994400 | 22994400 | 22994400 | 0 |
| മെറ്റീരിയൽ കോസ്റ്റ് | | 4096065 | 4096065 | 4096065 | |
| ആകെ | | | | 28338691 | |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.01.2023 തീയതിയിൽ 3:00 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3642/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 വാർഷികകണക്കിലെ അപാകതകൾ

2021-22 വർഷത്തെ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

### 1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ്

അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

## 1-10-2 വസ്തു നികുതി --ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1 റെസിഡൻഷ്യൽ(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2925527 | 2908365 | 34509 | 277 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2925527 | 2908365 | 28975 | *227 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(239 /105X100)=227 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2.1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2942272 | 2914155 | 28240 | 7740 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2942272 | 2899528 | 9861 | *7740 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ | ( 350410104-Advance Collection-PT On NR | *( 8127 /105X100)=7740 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ |

| | | | | |
|---|---|---|---|---|
| | | ആർ.പി-43) | Bldg-ന്റെ ലെഡ്ജർ) | ബി-15) |

2.2കുടിശ്ശിക

2.2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4673 | 2863 | 1816 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *1821 | 2863 | **1821 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (239+1673=1912/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (1912 X 100/105)=1821 ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

2.3 "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

### 1-10-3 വസ്തു നികുതി മുൻകൂർ- തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 874 | 509185 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential | 2779 | 212553 |

| | Building | | |
|---|---|---|---|

### 1-10-4 ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരവും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 294754 രൂപയാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് 298553 രൂപയാണ്.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 75122 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 71544 (75122/105X5) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 3583 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

### 1-10-5 വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്തിൽ. 370 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-10-6 ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല

2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന

ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 367403 | 31.3.2022 | 42101217 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-7 വരവ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3 ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4 വാടക ഡിമാന്റ് രജിസ്റ്റർ

5 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-10-8 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൌച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 7) ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി ഇനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-10-10 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 11858451 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8662543 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-10-11 ഡിപ്രിയിസേഷൻ - അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല.

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിയിസേഷൻ, അക്യുമലേറ്റഡ് ഡിപ്രിയിസേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

1-10-12 അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്ത് ഫണ്ടിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി നല്കുന്ന മുൻകൂറുകൾ നിരീക്ഷിക്കുന്നതിന് അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

1-10-13 പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രക തയ്യാറാക്കിയിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രക തയ്യാറാക്കിയിട്ടില്ല.(കേരള പഞ്ചായത്ത് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 57))

| ക്ര.ന | ബാങ്ക് | അക്കൌണ്ട് നമ്പർ |
|---|---|---|
| 1 | State Bank Of India Life | 38064989452 |

1-10-14 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

TDCB Own Fund Bank-A/c No.10719000738

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 25953 | 13.7.21 | 1000 |
| 17341 | 30.9.20 | 11000 |
| 19158 | 30.6.20 | 1750 |
| 17291 | 23.12.19 | 1600 |
| 17420 | 25.2.20 | 3139 |
| 19172 | 11.6.20 | 1000 |
| 19198 | 14.6.20 | 1000 |
| 19119 | 27.4.20 | 1484 |
| 17291 | 23.12.19 | 800 |
| 19117 | 23.4.20 | 1800 |
| 19258 | 9.9.20 | 1000 |
| 17326 | 22.1.20 | 3767 |

| | | |
|---|---|---|
| 19280 | 29.09.20 | 54470 |
| 23305 | 4.3.21 | 1000 |
| 23322 | 17.3.21 | 1000 |
| 23317 | 12.3.21 | 500 |
| 23318 | 12.3.21 | 280 |
| 23254 | 3.2.21 | 1000 |
| 25951 | 13.7.21 | 1500 |
| 25952 | 13.7.21 | 1000 |

## 1-10-15 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി.

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിന്റെ വിവരങ്ങൾ ചേർക്കുന്നു.

പഞ്ചായത്തിന്റെ ആകെ വരുമാനം (A)

| | | |
|---|---|---|
| | | 228357927 |
| ആകെ ചെലവ് (B) | | 227434656 |
| മിച്ചം തുക C= A-B | | 923271 |
| Prior Period Income | 1355 | |
| Prior Period Expenditure | 10000 | |
| Net Difference Between Prior Period Income And Expenses ( D ) | | -8645 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മി ച്ച തുക (E) =C+D | | 914626 |

എന്നാൽ ഫോർമുല പ്രകാരം (E) =C-D എന്ന് ചേർത്തിട്ടുള്ളതിനാൽ 923271 ൽ നിന്നും -8645 കുറച്ചപ്പോൾ ലഭിച്ച 931916 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. എന്നാൽ 31/3/22 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത് ശരിയായ 37875503.75 രൂപ തന്നെയാണ്.

| | |
|---|---|
| 31/3/21 ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | 36960877.75 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | 931916 |
| 31/3/22 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | 37875503.75 |

(കുറിപ്പ്- Income And Expenditure Account ൽ Expenditure ശീർഷകത്തിൽ തൻ വർഷ ചെലവുകളോടൊപ്പം 190000000- Prior Period Income എന്ന ശീർഷകത്തിൽ 1335 രൂപ ചേർത്തിട്ടുണ്ട്. എന്നാൽ ആയത് ആകെ ചെലവ് തുകയിൽ കണക്കാക്കിയിട്ടില്ല)

സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട് മേൽ പരാമർശിച്ച അപാകതകൾ IKM ന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടതാണ്.

## 1-10-16 സിഎഫ്സി ഗ്രാന്റ് -ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പ്

തുകയും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ ചെലവഴിക്കാൻ 31/3/22 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടിലെ 31/3/22 ലെ നീക്കിയിരിപ്പ് തുകയും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | |
|---|---|---|---|---|
| ശീർഷകം | ഇനം | തുക | ബാങ്ക് അക്കൌണ്ട് | തുക |
| 320200113 | Development Fund - Central Finance Commission Grant - | 2930398 | HDFC(4066642146) | 3165484 |

1-10-17 ലോൺ-രജിസ്റ്റർ ഹാജരാക്കിയില്ല

330500102 Secured Loans-Loan From HUDCO - രജിസ്റ്റർ ഹാജരാക്കിയില്ല.

1-10-18 ബാങ്ക് റീകൺസീലിയേഷൻ-തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1. ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം State Bank Of India A/c No37049405566 ൽ 33892 രൂപയും, TDCB Own Fund Bank-A/c No.10719000738 ൽ 1250 രൂപയും “Cheques Deposited But Not Cleared” ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.
2. ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം HDFC (406642146 ) ൽ 461760 രൂപ Cash Or Cheque Withdrawl ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-10-19 വരവ് രജിസ്റ്റർ പൊരുത്തപ്പെടുന്നില്ല.

1.അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.(വസ്തു നികുതി ഒഴികെ)

| ഇനം | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | വാർഷിക കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം |
| ലൈസൻസ് | 296200 | 301003 | 116700 | 116700 | 0 | 0 |

2. കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | രജിസ്റ്റർ പ്രകാരം കളക്ഷൻ |
|---|---|---|---|
| ലേലം | 229350 | 1279800 | 1297800 |

1-10-20 ആസ്തി നിർമിച്ചത് തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തി

| | പ്രോജക്റ്റ് | വൗച്ചർ | തീയ്യതി | ബുക്ക് ചെയ്ത | |
|---|---|---|---|---|---|

| | നമ്പർ | | ശീർഷകം | |
|---|---|---|---|---|
| സെക്രട്ടറി നടപ്പാക്കിയ 143-പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണീറ്റ് ഇലക്ട്രിഫിക്കേഷൻ എന്ന പ്രോജക്റ്റ് | 42100485 (ജേണൽ) | 23/10/21 | 251130402 Sanitation And Waste Management-Public Programmes-Waste Processing Facilities In Institutions(Not For Local Government Institutions) | പഞ്ചായത്തിന്റെ ആസ്തി പ്രവർത്തന ക്ഷമമാക്കുന്ന പ്രവൃത്തി.ആയത് ഷ്രെഡ്ഡിംഗ് യൂണീറ്റ് ബിൽഡിംഗ് ആസ്തിയുടെ മൂല്യത്തോട് കൂട്ടിച്ചേർക്കേണ്ടുന്നത്.എന്നാൽ റവന്യൂ ചെലവായി രേഖപ്പെടുത്തി |

2022-23 വർഷം ഈ തുക “Prior Period Items” ൽ നിന്നും ആസ്തി ശീർഷകത്തിലേയ്ക്ക് ക്രമീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 8 തീ 2/2/23 ,മറുപടി ലഭ്യമാക്കിയില്ല)

1-10-21 ഗ്രാന്റ് പത്രിക പ്രകാരം ചെലവ്- വാർഷികകണക്കിൽ തുക ഉൾപ്പെട്ടില്ല

1.എസി വാങ്ങിയതിന്റെ ചെലവ്

| പ്രോജക്റ്റ് | വൌച്ചർ | തുക |
|---|---|---|
| 286/22-പഞ്ചായത്ത് കോൺഫറൻസ് ഹാൾ ശീതീകരണം | ഇല്ല | 81900 |

ഈ പ്രോജക്റ്റുമായി ബന്ധപ്പെട്ട ഫയലിൽ തേജസ്സ് ട്രേഡിംഗ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിൽ നിന്നും പഞ്ചായത്തിന്റെ പേരിൽ 122/21-22 തീ 21/03/22 പ്രകാരം സ്പ്ളിറ്റ് എ സി എയർ കണ്ടീഷണർ 2 എണ്ണം 81900 രൂപയ്ക്ക് വാങ്ങിയതായി കാണുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷം ഈ തുക ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും ചെലവ് നടന്നതായി രേഖപ്പെടുത്തിയിരിക്കുന്നെങ്കിലും ഇപ്രകാരം ഒരു TR 59E ഉള്ളതായോ, ബാങ്ക്ബുക്കിൽ ചെലവ് രേഖപ്പെടുത്തിയതായോ അത് വാർഷികകണക്കിൽ ഉൾപ്പെട്ടതായോ കാണുന്നില്ല. പദ്ധതി ചെലവ് തയ്യാറാക്കുന്ന സുലേഖ എന്ന സോഫ്റ്റ്‌വെയർ പ്രകാരവും 2021-22 ൽ 81900 രൂപ ചെലവുണ്ട്.

2.സൌരജലധാര മോട്ടോർ സ്ഥാപിക്കലും സോളാർ പാനൽ സ്ഥാപിക്കലും

| പ്രോജക്റ്റ് | വൌച്ചർ | തുക | ശീർഷകം |
|---|---|---|---|
| 248/22-സൌരജലധാര മോട്ടോർ സ്ഥാപിക്കലും സോളാർ പാനൽ സ്ഥാപിക്കലും | ഇല്ല | 423500 | ഇല്ല |

അനേർട്ടിന് മേൽ പ്രോജക്റ്റ് പ്രകാരം സൌരജലധാര മോട്ടോർ സ്ഥാപിച്ചതിന് ഇൻവോയ്സ് നമ്പർ 14/22 തീ 22/3/22 പ്രകാരം 423500 രൂപ നല്കാനുള്ളതായി കാണുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷം ഈ തുക ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും ചെലവ് നടന്നതായി രേഖപ്പെടുത്തിയിരിക്കുന്നെങ്കിലും ഇപ്രകാരം

ഒരു TR 59E ഉള്ളതായോ,ബാങ്ക്ബുക്കിൽ ചെലവ് രേഖപ്പെടുത്തിയതായോ അത് വാർഷികകണക്കിൽ ഉൾപ്പെട്ടതായോ കാണുന്നില്ല.പദ്ധതി ചെലവ് തയ്യാറാക്കുന്ന സുലേഖ എന്ന സോഫ്റ്റ്‌വെയർ പ്രകാരവും 2021-22 ൽ 423500 രൂപ ചെലവുണ്ട്.

21-22ൽ ചെലവ് നടക്കാത്ത പ്രൊജക്ടുകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം നടന്നതായി രേഖപ്പെടുത്തിയിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി 8 തീ 2/2/23 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-10-22 Prior Period -വൌച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18, ഐ-19) പ്രകാരം “290000000-Prior Period Income”, “190000000-Prior Period Expenditure” എന്ന ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് , ഷെഡ്യൂൾ I-19) | 31/3/2022ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income -Property Tax | - 10240 |
| 290800601-Prior Period-expenses-Revenue Grants & Contributions | 17900 |
| 290600401-Prior Period-expenses-Remittance Of Un Utilized Grants To Govt. | -7900 |

## 1-11 തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

I താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല

1)ക്ഷീരോത്പാദക സഹകരണ സംഘം, കോണത്തുക്കുന്ന്

2)BSNL

3)വെള്ളാങ്കല്ലൂർ സഹകരണ സംഘം

4)കാനറ ബാങ്ക്

5) SCB വള്ളിവട്ടം

II അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ ടെണ്ടർ രജിസ്റ്റർ പ്രകാരമുള്ള അംഗീകൃത കരാറുകാരുടെവിവരങ്ങൾ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | എ ഐ വിശ്വനാഥൻ |
| 2 | എം വി ശിവരാമൻ |
| 3 | വി കെ രാധാകൃഷ്ണൻ |
| 4 | ടി എ ബഷീർ |
| 5 | സുഹൈൽ സി കെ |
| 6 | സി എ രാജേഷ് |
| 7 | ബിൻസൺ ജോസഫ് |
| 8 | ടിറ്റോ സുരപ്പൻ |
| 9 | ഷൈൻ പി ബി |
| 10 | സിജിൽകുമാർ |

| | |
|---|---|
| 11 | ശ്രീധരൻ എ സി |

മേൽ പറഞ്ഞവരിൽ നിന്നും തൊഴിൽ നികുതി ഓഡിറ്റ് വർഷം ഈടാക്കിയിട്ടില്ല
തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 20/04.02.2023) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി പരിഷ്കരണം-ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി തീരുമാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203-ാം വകുപ്പ്(2)ഉം, (5)ഉം ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് എസ് ആർ ഒ നമ്പർ 36/2011 ആയി കേരള സർക്കാർ ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗ ക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2011 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ മേൽ വിജ്ഞാപന പ്രകാരമുള്ളതിലെ കുറഞ്ഞ നിരക്കാണ് താഴെ ചേർത്തിരിക്കുന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ച് ഈടാക്കി വരുന്നത്.

| ക്രമ നമ്പർ | കെട്ടിടത്തിന്റെ ഉപയോഗക്രമം | വസ്തുനികുതി നിരക്ക് |
|---|---|---|
| 1 | വാണിജ്യ ആവശ്യത്തിനുള്ള 100ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൗൺ | 30 |
| 2 | വാണിജ്യ ആവശ്യത്തിനുള്ള 100ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൗൺ | 50 |
| 3 | വ്യവസായാവശ്യത്തിനുള്ള കൈത്തറി ഷെഡ്. കയർപിരി ഷെഡ് മുതലായവ | 10 |
| 4 | ഇതര വ്യസായങ്ങൾക്കാവശ്യമുള്ളവ | 40 |
| 5 | മൈക്രോ സ്മോൾആന്റ് മീഡിയം എന്റർപ്രൈസസ് ഡവലപ്പ്മെന്റ് ആക്ട്,2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 |

മേൽ പറഞ്ഞ വിജ്ഞാപന പ്രകാരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ കുറഞ്ഞ വസ്തുനികുതി നിരക്ക് ച.മീറ്ററിന് 3ഉം കുറഞ്ഞനിരക്ക് 8ഉം ആണ്. ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള വസ്തു നികുതി നിരക്ക് ച.മീറ്ററിന് 4 രൂപ മാത്രമാണ്.
പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി മുഴുവൻ വാർഡുകളിലേയും അസ്സസ്സ്മെന്റ് രജിസ്റ്ററുകളും പരിശോധിച്ച് 600 ച.അടിയിൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനും, ബന്ധപ്പെട്ട വാർഡു മെമ്പർമാരുടെ സഹായത്തോടെ ലിസ്റ്റ് പരിശോധിച്ച് നികുതി വർദ്ധിപ്പിക്കേണ്ട കെട്ടിടങ്ങളുണ്ടെങ്കിൽ കണ്ടെത്തുന്നതിനും, കെട്ടിടനികുതി പരിഷ്കരിക്കുന്നതിനും 26.08.21 ൽ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി 4(2) 2 നമ്പറായി തീരുമാനമെടുത്തിട്ടുണ്ട്. ടി തീരുമാനത്തിന്മേൽ സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കുന്നതിന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(എൻക്വയറി നമ്പർ 11/02.02.23) മറുപടി ലഭ്യമാക്കിയില്ല.
വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പോലുള്ള കാറ്റഗറി 1 ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി പരിഷ്കരണം നടപ്പിൽ വരുത്തുകയും അതുവഴി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-13 ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾക്ക് ചട്ടം പാലിക്കാതെ വസ്തുനികുതിയിളവ് നൽകി.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21

പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21 (2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 21-22 സാമ്പത്തിക വർഷത്തിലെ ഒന്നാം അർദ്ധ വർഷത്തെ വേക്കൻസി റമിഷൻ അനുവദിക്കുന്നതിന് മേൽ പറഞ്ഞ ചട്ടം 21 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി സ.ഉ(സാധാ)1726/2021/തസ്വഭവ, തിയതി. 10.09.21 പ്രകാരം 15.10.2021 വരെ നീട്ടി നൽകിയിരുന്നു. എന്നാൽ രണ്ടാം അർദ്ധവർഷത്തേക്കു തിയതി നീട്ടി നൽകിയിട്ടില്ല. 15.10.2021 നുശേഷം അപേക്ഷ സമർപ്പിച്ചവർക്കും ഒന്നാം അർദ്ധ വർഷത്തെ നികുതിയിളവ് അനുവദിച്ചിട്ടുണ്ട്. മേൽ ചട്ടം പാലിച്ച രണ്ടാം അർദ്ധവർഷത്തെ നികുതിയിളവ് നൽകേണ്ടതായിരുന്നു. മേൽ ചട്ടമോ ഉത്തരവോ പാലിക്കാതെ നികുതിയിളവ് നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് | കെട്ടിട നം | കെട്ടിട ഉടമ | അപേക്ഷ നൽകിയ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|---|
| 1 | 21 | 385,389,391,392, 393,394,395A,396, 397,398,399,400,401, 402,403,404 | റീത്താ തോമസ്, മാളിയേക്കൽ കുളിയാടൻ | 12.11.2021 | 01.10.2021-31.03.2022 |
| 2 | 15 | 313G,313H,313I,313J, 313K,313L | ഇബ്രാഹിംകുട്ടി ,പൂവത്തുംകടവിൽ | 28.01.2022 | 1.04.2021-30.9.2021 |
| | | | | 16.02.22 | 01.10.2021-31.03.2022 |
| 3 | 7 | 320 | പ്രസിഡണ്ട്, വെള്ളാങ്കല്ലൂർ ബ്ലോക്ക് ഡിഫൈബറിങ് വർക്കേഴ്സ് ICS Ltd | 18/12/21 | 01.10.2021-31.03.2022 |
| 4 | 20 | 609 | മുഹമ്മദ്/അഹമ്മദ്,വലിയവീട്ടിൽ | 10.02.2022 | 1.4.2021-30.9.2021 |
| 5 | 6 | 289A,289J,289K,289L, 289M,289N | അഷറഫ് ടി എ, ഷംസുദ്ദീൻ ടി എ, ഷിഹാബുദീൻ ടി എ, സദറുദീൻ | 18.10.2021 | 01.10.2021-31.03.2022 |
| 6 | 21 | 136C | സലാം,അറക്കപറമ്പിൽ | 17.01.2022 | 01.10.2021-31.03.2022 |

അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 19/04.02.23) മറുപടി ലഭ്യമാക്കിയില്ല.

ചട്ട പ്രകാരം മാത്രം നികുതിയിളവ് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതും വസ്തുനികുതി നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

## 1-14 വസ്തുനികുതി നിർണ്ണയ അപാകതകൾ

A) വള്ളിവട്ടം വില്ലേജ്, സർവ്വേ നമ്പർ 215/1-10 ൽ ഉൾപ്പെട്ട ശ്രീ അബ്ദുൾ സലാം, സക്കീന എന്നിവരുടെ 701 ച.മീ വിസ്തീർണ്ണമുള്ള പ്ലോട്ടിൽ പുതുതായി പണിതിട്ടുള്ള 315.87 ച.മീ നിർമ്മിത വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് 8132/22, തിയതി. 15.03.22 ഫയൽ പ്രകാരം സ്പ്ലിറ്റ് നമ്പർ അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) കംപ്ലീഷൻ പ്ലാൻ പ്രകാരം നിലവിലുള്ള വാസഗൃഹത്തിന്റെ(കെട്ടിട നമ്പർ-14/559) നിർമ്മിത വിസ്തീർണ്ണം 227.14 ച.മീ ആണ്. അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 193.62 ച.മീ നിർമ്മിത വിസ്തൃതിയ്ക്കാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്. അധികമുള്ള 33.52 ച.മീ വിസ്തീർണ്ണം ക്രമവത്ക്കരിച്ച വസ്തു നികുതി പുനർ നിർണ്ണയിച്ച നൽകിയിട്ടില്ല.

2) പ്ലാൻ പ്രകാരം നിലവിലുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടവും പുതുതായി പണിതിട്ടുള്ള വാണിജ്യ കെട്ടിടവും ഒരേ പ്ലോട്ടിൽ തന്നെയാണ്. കോണത്തുക്കുന്ന് -എസ് എൻ പുരം റോഡിനോട് ചേർന്നാണ് പ്ലോട്ട് സ്ഥിതി ചെയ്യുന്നത്. പ്ലാനിൽ 12 M വിതിയുള്ള PWD റോഡ് മുൻവശത്തു കൂടെയും 7.5 M വീതിയുള്ള റോഡ് വശത്തു കൂടെയും കടന്നു പോകുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സർചാർജ്ജും ചട്ടങ്ങൾ, ചട്ടം6 പട്ടിക 2 കുറിപ്പ് 1 പ്രകാരം പ്രധാനപ്പെട്ട റോഡിൽ നിന്ന് കെട്ടിടത്തിലേയ്ക്ക് വഴി സൗകര്യത്തിന്റെ ലഭ്യതയുള്ളതായി കണക്കാക്കാവുന്നതാണ്. വാസഗൃഹത്തിന്റെ വസ്തു നികുതി നിർണ്ണയ ഫോറം 6 പരിശോധിച്ചതിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്കു ബാധകമായ 20% വർദ്ധനവ് ഉൾപ്പെടുത്തിയാണ് വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ അതേ പ്ലോട്ടിലുള്ള വാണിജ്യ കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയം നടത്തിയപ്പോൾ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ബാധകമായ 20% വർദ്ധനവ് ഉൾപ്പെടുത്തിയില്ല. ആയതിനാൽ വസ്തു നികുതി കുറവായാണ് നിർണ്ണയിച്ചു നൽകിയിട്ടുള്ളത്.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(ഓഡിറ്റ് എൻക്വയറി നമ്പർ 10/2.02.23)വാസഗൃഹത്തിന്റെ അധികമുള്ള നിർമ്മിത വിസ്തീർണ്ണം ക്രമവത്ക്കരിച്ച് മുൻകാല പ്രാബല്യത്തോടെ വസ്തുനികുതി ഈടാക്കുന്നതിനും വാണിജ്യ കെട്ടിടത്തിനു വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് ഉൾപ്പെടുത്തി മുൻകാല പ്രാബല്യത്തോടെ വസ്തുനികുതി ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിച്ച് അറിയിക്കേണ്ടതാണ്.

B) ഗ്രാമപഞ്ചായത്തിന്റെ വാർഡ് 2 ൽ വടക്കുംകര വില്ലേജിൽ ഉൾപ്പെട്ട സർവ്വേ നമ്പർ 59/3-35ൽ ശ്രീ ലിജോ കെ ജെ എന്നവരുടെ 0.0567 ഹെക്ടർ സ്ഥലത്ത് 151 ച.മീ വിസ്തീർണ്ണമുള്ള വാസഗൃഹം ക്രമവത്ക്കരിച്ച് 652 Aകെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്.കംപ്ലീഷൻ പ്ലാൻ പ്രകാരം വെള്ളാങ്കല്ലൂർ-ചാലക്കുടി പ്ഡബ്ല്യൂഡി റോഡിൽ (8 Mവീതി)നിന്നും ടി പ്ലോട്ടിലേക്ക് പ്രവേശനമാർഗ്ഗം ഉണ്ട്. എന്നാൽ വസ്തു നികുതി നിർണ്ണയം നടത്തിയപ്പോൾ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10% ഇളവ് നൽകിയിട്ടുണ്ട്. മാത്രമല്ല കെട്ടിടത്തിന്റെ സമീപമുള്ള റോഡിന്റെ തരം 1.5മീ കൂടുതലിൽ ഉൾപ്പെടുത്തി വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവ് നൽകാതിരിക്കുകയും ചെയ്തിരിക്കുന്നു. ച.മീറ്ററിന് 4 രൂപ നിരക്കിൽ ടി വാസഗൃഹത്തിന് 10% ഇളവ് നൽകി 574 രൂപയാണ്(28രൂപ LCഉൾപ്പടെ) വാർഷിക വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ യഥാർത്ഥത്തിൽ ടി കെട്ടിടത്തിന് വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവ് ഏർപ്പെടുത്തി വാർഷിക വസ്തു നികുതി 764 (37രൂപ LC) രൂപയാണ് നിർണ്ണയിക്കേണ്ടിയിരുന്നത്.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(എൻക്വയറി നമ്പർ 25/04.02.23)മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി പുനർ നിർണ്ണയിച്ച് തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 കെട്ടിട വാടക- അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക പിരിവ് പരിശോധിക്കുന്നതിന്റെ ഭാഗമായി വാടക രജിസ്റ്റർ, ഫയൽ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകളും ആയത് പരാമർശിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി(നം. 2/31.01.23)ക്ക് മറുപടി ലഭ്യമാക്കിയത് പരിഗണിച്ചതിനു ശേഷമുള്ള നിരീക്ഷണങ്ങളും ചുവടെ ചേർക്കുന്നു.

1.ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വാടകക്കു നൽകുന്ന കെട്ടിടമുറികൾ സംബന്ധിച്ച് സമഗ്രവിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയത് കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം, കെട്ടിട നമ്പർ, റൂം നമ്പർ, വിസ്തൃതി, നിലവിലെ വാടകക്കാരന്റെ പേര്, എഗ്രിമെന്റ് കാലാവധി എന്നിവയടക്കം വിശദമാക്കി, രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്ന് മറുപടി നൽകി. ആയത് അടുത്ത ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2.ഗ്രാമപഞ്ചായത്തിന്റെ വിവിധ കടമുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോ തയ്യാറാക്കി അംഗീകാരം നേടിയിട്ടില്ല. വാടക ബൈലോയും അനുബന്ധ രേഖകളും പഞ്ചായത്തുഡെപ്യൂട്ടിഡയറക്ടറുടെ അംഗീകാരത്തിനായി 7.11.22 ൽ സമർപ്പിച്ചതായി മറുപടി നൽകി. അംഗീകാരം നേടുന്ന മുറയ്ക്ക് ബൈലോക്കനുസൃതമായി വാടക വരവ് ക്രമപ്പെടുത്തേണ്ടതാണ്.

3. കടമുറി വാടകക്കാരുമായുള്ള എഗ്രിമെന്റുകൾ വ്യവസ്ഥകൾ സഹിതം തിയതി കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. 15/ 139 ന്റെ 2021 - 22 ലെ എഗ്രിമെന്റ് (ഷമീറ & ശാന്തി) പരിശോധനക്ക് ലഭ്യമായിട്ടില്ല.

6/345 -ാം നമ്പർ കടമുറി നിലവിൽ ജനകീയ ഹോട്ടലായി പ്രവർത്തിക്കുന്നതിനാൽ വാടകയും വാടക നിക്ഷേപവും വാങ്ങാതെ പ്രവർത്തിക്കുന്നു. ജനകീയ ഹോട്ടൽ കുടുംബശ്രീക്ക്(6/345) കരാർ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ പ്രവർത്തനാനുമതി പുതുക്കി നൽകേണ്ടതാണ്.

4.പഞ്ചായത്ത് വക മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ വനിതാവ്യവസായ കെട്ടിടത്തിന്റെ വാടക നിശ്ചയിച്ച നൽകുന്നതിന് എ.ഇ, എൽ.എസ്.ജി.ഡി.യെ ചുമതലപ്പെടുത്തിയതായി മറുപടി നൽകി. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

5.വാടകയിനത്തിലെ കുടിശ്ശിക തുകയ്ക്ക് RR നടപടികൾ സ്വീകരിച്ചതിനു ശേഷവും 12400 /-രൂപ(2021-22) കുടിശ്ശികയുള്ളതായി മറുപടി നൽകി. ആയത് ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കേണ്ടതാണ്.

## 1-16 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്.

1. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചത് സംബന്ധിച്ച് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.

2. ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ചട്ട വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കാത്തതായി കാണുന്നു. അപേക്ഷയിൽ മൂലധനം സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

2021-22 വർഷത്തിൽ പുതിയതായി ലൈസൻസ് അനുവദിച്ച ശാന്തി ഹോസ്പിറ്റൽ (കെട്ടിട നം.20/413A ഉടമസ്ഥൻ ഡോ. ദേവദാസ് പരാരത്ത് കോണത്തുകുന്ന്) എന്നവരുടെ അപേക്ഷയിൽ മൂലധന നിക്ഷേപം 1 ലക്ഷം രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈടാക്കിയ ഫീസ് 2000 രൂപ(Rt.No:121010810/ 3.2.22). അപേക്ഷയോടൊപ്പമുള്ള കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ Consent No: PCB/DO/TSR/RI /ICO/4909/2019 Dt.22.3.2019 പ്രകാരം കാപ്പിറ്റൽ ഇൻവെസ്റ്റ് മെന്റ് 54.9 ലക്ഷം രേഖപ്പെടുത്തിയിട്ടുണ്ട്.

ചട്ട പ്രകാരം സേവന മേഖലയിൽ 25 ലക്ഷം രൂപയിൽ കൂടുതലുള്ളതും എന്നാൽ 2 കോടി രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപമുള്ളതുമായ വ്യാപാരങ്ങൾക്ക് പരമാവധി വാർഷിക ലൈസൻസ് ഫീസായി 5000 രൂപ ഈടാക്കാവുന്നതാണ്. (ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് ബാക്കി തുകയായ 3000 രൂപ ഈടാക്കി അടവാക്കിയിട്ടുണ്ട്.)

3. 2021-22 വർഷം 792 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതിൽ 467 സ്ഥാപനങ്ങൾ മാത്രമാണ് ചട്ടപ്രകാരമുള്ള തീയതിയായ 31.03.2021 നകം ലൈസൻസ് എടുത്തിട്ടുള്ളത്. ബാക്കി സ്ഥാപനങ്ങൾ നിശ്ചിത സമയപരിധിക്ക് ശേഷമാണ് ലൈസൻസ് എടുത്തത്. സഞ്ചയ പ്രകാരം നിലവിലെ നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ എണ്ണം 2764 ആണെന്നാണ് അറിയിച്ചിട്ടുള്ളത്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 26.8.2021 ലെ തീരുമാനം 4 ൽ 2 പ്രകാരം പഞ്ചായത്തിൽ ലൈസൻസില്ലാതെ പ്രവർത്തിച്ച വരുന്ന മുഴുവൻ വാണിജ്യവ്യാപാര സ്ഥാപനങ്ങളെയും കണ്ടെത്തി പിഴ ഈടാക്കുകയും ലൈസൻസ് എടുപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ബി പ്രകാരം കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകുകയും എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനുമായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4) പഞ്ചായത്ത് പരിധിയിൽ എത്ര കള്ള് ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന വിവരവും അറിയിക്കേണ്ടതാണ്. പ്രസ്തുത വിവരം ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ കാണുകയുണ്ടായില്ല. അത് പോലെ തന്നെ പഞ്ചായത്ത് കെട്ടിടത്തിലെ മുറികൾ വാടകക്കെടുത്തവർ ലൈസൻസ് എടുത്തതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

5) 2017 ലെ ഭേദഗതി ഉത്തരവ് പ്രകാരം എല്ലാ വിധ സംരംഭക, സേവന പ്രവർത്തനങ്ങളും ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നതാണ്, ഇതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങളടക്കമുള്ളവയെയും ഓഫീസ് മാത്രമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും (ഭേദഗതിക്ക് മുൻപ് ലൈസൻസ് എടുക്കാത്തവ) ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്.

മേൽ അപാകതകൾ പരാമർശിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് {നം.12/ 2.2.2023} ക്രമ നം. 1, 3, 4, 5

എന്നിവ പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി. തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ക്രമ നം. 2 ശാന്തി ഹോസ്പിറ്റലിന്റെ ലൈസൻസ് ഫീ ഇനത്തിൽ കുറവായി ഈടാക്കിയ 3000 / - രൂപ രശീതി നം. 1220502326/ 3.2.2023 പ്രകാരം ഈടാക്കിയത് എൻക്വയറി മറുപടിയോടൊപ്പം ലഭ്യമാക്കിയത് എടുത്തു പറയുന്നു. ഇതേ മാതൃകയിൽ പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ചട്ട വ്യവസ്ഥകളും 2017 ഭേദഗതി വ്യവസ്ഥകളും പാലിച്ച് ലൈസൻസ് ഫീ ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

## 1-17 ലൈസൻസ് ഇല്ലാതെ ഹോസ്പിറ്റൽ പ്രവർത്തിക്കുന്നു.

വിവരാവകാശ ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 14.3.22 ന് M/S മെഡിഗ്രീൻ ഹോസ്പിറ്റൽ ഉടമ മഞ്ജുഷ ടി.ആർ, മന്നത്തിൽ വീട്, കണ്ടാണശ്ശേരി എന്നവർ നൽകിയ വിവരാവകാശ അപേക്ഷക്ക് മറുപടിയായി ഗ്രാ.പ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (ജൂനിയർ സൂപ്രണ്ട്) 26.3.22ലെ 400730/GGRI12 /Gen/2022/1866 നം.കത്ത് പ്രകാരം നൽകിയ മറുപടി കാണുകയുണ്ടായി. വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം വാർഡ് 20 ലെ ആശുപത്രി ഉപയോഗക്രമത്തിലുള്ള 59, 60, 61 എന്നീ നമ്പർ കെട്ടിടങ്ങൾ അപേക്ഷകയുടെ ഉടമസ്ഥതയിലാണെന്നും, 20 വർഷത്തിലധികം പഴക്കമുള്ള ടി കെട്ടിടങ്ങൾ കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങൾ വരുന്നതിനു മുമ്പ് നിർമ്മിച്ചതിനാൽ കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ടെങ്കിലും ബിൽഡിംഗ് പെർമിറ്റ്, ബിൽഡിംഗ് പ്ലാൻ എന്നിവ പഞ്ചായത്ത് ഓഫീസിൽ ലഭ്യമല്ല എന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ പ്രകാരം മെഡിഗ്രീൻ ഹോസ്പിറ്റൽ ലൈസൻസ് എടുത്തിട്ടില്ല. പാരാമെഡിക്കൽ ലൈസൻസ് രജിസ്റ്ററിലും പേരില്ല. കൊടുങ്ങല്ലൂർ - തൃശ്ശൂർ സംസ്ഥാന പാതയിൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത ഹോസ്പിറ്റൽ വർഷങ്ങളായി പ്രവർത്തിച്ചു വരുന്നതായി മനസ്സിലാക്കുന്നു. പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232, 233 എന്നിവയിലെ വ്യവസ്ഥകളനുസരിച്ച് ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്. പ്രസ്തുത ഹോസ്പിറ്റലിന് എത്രയും പെട്ടെന്ന് ലൈസൻസ് എടുക്കുവാനുള്ള കത്ത് നൽകിയതായി ഓഡിറ്റ് എൻക്വയറിക്ക്(13/3.2.23) മറുപടി ലഭ്യമാക്കി. ലൈസൻസ് നടപടികൾ പൂർത്തിയാക്കി നിയമാനുസൃത ഫീ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 പെർമിറ്റില്ലാതെ ആരംഭിച്ച നിർമ്മാണം റഗുലറൈസ് ചെയ്തിട്ടില്ല.

ബിൽഡിംഗ് പെർമിറ്റ് ഫയൽ പരിശോധനയിൽ (ഫയൽ നം.1529)മധുസൂദൻ, ഇഴുവത്ര, വള്ളിവട്ടം എന്ന വ്യക്തി 16.7.2021 ന് നൽകിയ പെർമിറ്റ് അപേക്ഷ {പുതിയ നിർമ്മാണം,വാർഡ് നം.15, സർവ്വേനം. 18/2-1 ,വള്ളിവട്ടം വില്ലേജ്} പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു.

എൽ.എസ്.ജി.ഡി. ഓവർസിയറുടെ പരിശോധനാറിപ്പോർട്ട് പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണം: Prop G F 75.11 M 2, Exi House 138.88 M2, ആകെ ഏരിയ: 213.99 M2. സ്ഥലപരിശോധന നടത്തിയപ്പോൾ കെട്ടിടത്തിന്റെ നിർമ്മാണം 85% കഴിഞ്ഞതായും ആയതിനാൽ റഗുലറൈസ് ചെയ്യേണ്ടതാണെന്നുമുള്ള വിവരം അപേക്ഷകനെ അറിയിക്കാവുന്നതാണെന്ന് സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് കെട്ടിടം റഗുലറൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ട് 27.8.21 ലെ 400730/ BPMCO3/General/2021/3929/9(2) കത്ത് കെട്ടിട ഉടമസ്ഥനു നൽകിയിട്ടുണ്ട്. ഫയൽ പ്രകാരം തുടർ നടപടി അവസാനിച്ചതായാണ് കാണുന്നത്. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 92 പ്രകാരമുള്ള വ്യവസ്ഥ പാലിച്ചിട്ടില്ല. പ്രസ്തുത ചട്ടമനുസരിച്ച് പെർമിറ്റ് നേടാതെ ആരംഭിച്ച ജോലികൾ നിലവിൽ നിർമ്മിച്ച അത്തരം ഭാഗത്തിന് ചട്ടങ്ങൾ പ്രകാരമുള്ള ക്രമവൽക്കരണത്തിനുള്ള കോമ്പൗണ്ടിംഗ് ഫീസിനു തുല്യമായ തുകയും ശേഷിക്കുന്ന നിർമ്മിക്കാനുള്ള ഭാഗത്തിന് പെർമിറ്റ് ഫീസും ഈടാക്കിക്കൊണ്ട് പ്രവൃത്തി തുടരുന്നതിന് അനുമതി നൽകാവുന്നതാണ്. സെക്രട്ടറി രേഖാമൂലമുള്ള ഒരു ഉത്തരവ് മുഖേന ക്രമവൽക്കരണം അനുവദിക്കുകയോ അല്ലെങ്കിൽ നിരസിക്കുകയോ ചെയ്യേണ്ടതാണ്.

മേൽ ഫയലിൽ സെക്രട്ടറി ക്രമവൽക്കരണം അനുവദിക്കാനാണ് തീരുമാനിച്ചതെങ്കിലും അപേക്ഷകനെ അറിയിച്ച കത്തിൽ രാജിയാക്കൽ ഫീസായി അടയ്ക്കേണ്ട തുകയും, ആ തുക എത്ര ദിവസത്തിനുള്ളിൽ അടയ്ക്കണമെന്നും വ്യക്തമാക്കിയിരിക്കേണ്ടതായിരുന്നു. അപ്രകാരമുള്ള വ്യവസ്ഥ അപേക്ഷകനുള്ള കത്തിൽ ഉൾപ്പെടുത്താതിരുന്നതിനു വിശദീകരണം നൽകേണ്ടതാണ്. പ്രസ്തുത കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ പരിശോധിച്ച് അനധികൃത നിർമ്മാണമായി കണക്കാക്കുന്ന പക്ഷം ചട്ടങ്ങളനുസരിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് {22/ 4.2.23} മറുപടി ലഭ്യമാക്കിയില്ല.

## 1-19 അനധികൃത നിർമ്മാണവും റഗുലറൈസേഷനും സംബന്ധിച്ച് ചട്ടപ്രകാരമുള്ള രജിസ്റ്ററുകൾ രേഖകൾ സൂക്ഷിച്ചിട്ടില്ല.

മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ച മേൽ അപാകത തൻവർഷവും തുടരുന്നു. (2020-21 ഓ.റി ഖ. 1-47, 1-48 കാണുക). ഹാജരാക്കിയ അനധികൃത നിർമ്മാണ രജിസ്റ്ററിൽ 2017-18 വർഷം വരെയുള്ള വിവരങ്ങൾ മാത്രമാണ് ആധികാരികമായി ചേർത്തു കാണുന്നത്. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 95 ൽ നിർദ്ദേശിച്ച മാതൃകയിൽ {AppendixG2} റഗുലറൈസേഷൻ രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-20 പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി - പദ്ധതിയിൽ തുടരാത്ത ഗുണഭോക്താക്കൾക്കായി SLBP ക്ക് കൈമാറിയ സബ്സിഡി തുക തിരികെ ഈടാക്കേണ്ടതാണ്.

പദ്ധതി നമ്പർ 56/21-22

ചെലവ്- 625000/- (വികസനഫണ്ട് പൊതുവിഭാഗം)

ഇ ബിൽ വൗച്ചർ നം./ തിയതി- 22101236/29.9.21

മേൽ പദ്ധതി പ്രകാരം 100 ഗുണഭോക്താക്കൾക്ക് 3 ക്ഷീര സംഘങ്ങൾ മുഖാന്തിരം കാലിത്തീറ്റ വിതരണം നടത്തിയതിൽ താഴെപറയുന്ന ഗുണഭോക്താക്കൾ പദ്ധതിയിൽനിന്നും വിട്ടുപോയതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷീരസംഘം | ഗുണഭോക്താവിന്റെ ക്രമനമ്പർ/ പേര് | തീറ്റ വാങ്ങിയതിന്റെ വിവരം |
|---|---|---|
| വെള്ളാങ്കല്ലൂർ | 6. ഷജേഷ് കോമ്പാത്ത് | തീറ്റ വാങ്ങിയിട്ടില്ല. |
| വള്ളിവട്ടം | 9. സ്മിത T.K അടിപറമ്പിൽ | 22.5.22വരെ |
| | 11. വിജയലക്ഷ്മി തത്തോാറ | 22.7.22വരെ |
| | 21. രഞ്ജിത്ത് P ഇഴവത്ര | തീറ്റ വാങ്ങിയിട്ടില്ല. |
| കോണത്തുകുന്ന് | 8. സുധാകരൻ C S | 18.5.22വരെ |

പദ്ധതി പൂർത്തീകരിക്കാതെ പദ്ധതിയിൽ നിന്നും വിട്ടുപോയ ഗുണഭോക്താക്കൾക്ക് വേണ്ടി എസ്.എൽ.ബി.പി യിൽ അടവാക്കിയ സബ്സിഡി തുക എസ്.എൽ.ബി.പി പ്രോജക്ട് ഡയറക്ടറിൽ നിന്നും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് SLBP ഡയറക്ടറിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറി നം. {3/31.1.23 }

## 1-21 പുറമ്പോക്ക് ഭൂമി കയ്യേറി നിർമ്മാണ പ്രവർത്തനം

പഞ്ചായത്ത് ഭരണ സമിതിയുടെ 6.12.21 ലെ 26 ൽ (l) തീരുമാനപ്രകാരം ശശികുമാർ , നന്തിലത്തു പറമ്പിൽ എന്നയാൾ 1.12.21 ന് നൽകിയ പുറമ്പോക്ക് ഭൂമി കയ്യേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനെ സംബന്ധിച്ച പരാതിയിൽ തുടർനടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. “വെള്ളാങ്ങല്ലൂർ -ചാലക്കുടി റോഡിൽ വടക്കുംകര വില്ലേജിൽ സർവ്വേ നമ്പർ 342/1-ൽ ഉൾപ്പെട്ട 11 സെൻറോളം വരുന്ന പുറമ്പോക്ക് ഭൂമി ഏതാനും വ്യക്തികൾ കൈയ്യേറി കൈവശം വച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതായും ആയത് ഒഴിപ്പിച്ച് സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. ശശികുമാർ, നന്തിലത്ത്പറമ്പിൽ എന്നയാൾ സമർപ്പിച്ച പരാതി പരിശോധിച്ചു. സർക്കാരിന്റെ സുപ്രധാന പദ്ധതികളായ ടേക്ക് എ ബ്രേക്ക്, ഷീ ടോയ്ലെറ്റ് പോലുള്ള പദ്ധതികൾക്ക് അനുയോജ്യമായ ഈ പുറമ്പോക്ക് ഭൂമി അളന്നു തിട്ടപ്പെടുത്തി നൽകുന്നതിന് താലൂക്ക് സർവ്വേയറോട് ആവശ്യപ്പെടുന്നതിനും വിഷയം ജില്ലാ കളക്ടറുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നതിനും തീരുമാനിച്ചു.”
പ്രാഥമിക അന്വേഷണത്തിൽ പ്രസ്തുത പരാതി ശരിയാണെന്ന് പഞ്ചായത്തിന് ബോധ്യപ്പെട്ടതിനെ തുടർന്ന് 14.12.21 ന് താലൂക്ക് സർവ്വേയർക്ക് നം. ജെ.സി 1 -7376/ 21 നം. കത്ത് നൽകിയതിനെ തുടർന്ന് 19.4.22ലെ ബി6 /10241/ 2021 നം. കത്തു പ്രകാരം തഹസിൽദാർ (ഭൂരേഖ ), മുകുന്ദപുരം അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിലേക്ക് സ്കെച്ച് അയച്ചു തരികയും കയ്യേറ്റം ഒഴിപ്പിച്ച് വിവരം ലഭ്യമാക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. വടക്കും കര വില്ലേജ്, സർവ്വേ

നം.342/ 1, 0.0413 H{11Cent} സ്ഥലം നാലുവ്യക്തികൾ കൈവശം വെച്ചിരിക്കുന്നതായാണ് സ്കെച്ചിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സർവ്വേയറുടെ സ്കെച്ച് അനുസരിച്ച് കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതും അതിൽ ബേബി കാനംകുടം എന്നവർ സെക്രട്ടറിയെ എതിർ കക്ഷിയാക്കി ഇരിങ്ങാലക്കുട മുൻസിഫ് കോടതിയിൽ കേസ് നം. 888/2022 പ്രകാരം കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.21/4.02.23)മറുപടി നൽകി. 1996 ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വെയക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും ) ചട്ടങ്ങൾ ചട്ടം 3, 4 എന്നിവ പഞ്ചായത്തിൽ നിക്ഷിപ്തമായ ഭൂമിയിൽ നിന്നും അനധികൃത കൈവശക്കാരെ ഒഴിപ്പിക്കുന്നതിനും ഒഴിപ്പിക്കൽ ചെലവും, പിഴയും കയ്യേറ്റക്കാരനിൽ നിന്നും ഈടാക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നു.

വിഷയത്തിൽ പഞ്ചായത്തിന്റെ താല്പര്യം സംരക്ഷിക്കുന്ന തരത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 കേരള സ്റ്റേറ്റ് ഐ ടി മിഷന് മുൻകൂർ തുക കൈമാറി- കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ ഓഡിറ്റ് തിയ്യതിയിലും ലഭ്യമായിട്ടില്ല.

വെറ്ററിനറി സർജൻ, മെഡിക്കൽ ഓഫീസർ (ഹോമിയോ) ഹെഡ് മാസ്റ്റർ എന്നിവർ നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം കേരള സ്റ്റേറ്റ് IT മിഷന്റെ അക്കൗണ്ടിലേക്ക് തുക മുൻകൂർ കൈമാറിയെങ്കിലും കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ നാളിതുവരെ ലഭ്യമായിട്ടില്ല.

| Proj.No. | ItemProforma | Proforma Invoice No.&Date | Fund Amount | Voucher No./Date |
|---|---|---|---|---|
| 290/22 വെറ്ററിനറി ഹോസ്പിറ്റൽ അടിസ്ഥാനസൗകര്യവികസനം | 1 KV UPS | 36507/16.03.22 | MG(NR) 23305/- | BRN 21230252024101377133/ 19.03.22 |
| 214/22 ഹോമിയോ ഡിസ്പെൻസറിയിലേക്ക് പ്രിന്റർ | A4- MULTIFUNCTION PRINTER | 31111/20.10.21 | Own Fund 20018/- | BRN 21230252024101377133/ 25.01.22 |
| | | ആകെ തുക | 43323/- | |

മേൽ പട്ടിക പ്രകാരമുള്ള ഉപകരണങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ കൈമാറിയ തുക തിരികെ ലഭിക്കുന്നതിനായി 18.1.23 ലെ SC2/4658/2022 നമ്പരായി സെക്രട്ടറി ഐ.ടി മിഷൻ മാനേജർ തിരുവനന്തപുരത്തിന് കത്ത് അയച്ചിട്ടുണ്ട്. തുക തിരികെ ലഭ്യമാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 4/ 31.01.2023)

## 1-23 മെഡിക്കൽ ഓഫീസർ ഹോമിയോ- മരുന്ന ലഭ്യമാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥ – മെഡിക്കൽ ഓഫീസർ, ഹോമിയോ

1) പദ്ധതി നമ്പർ- 20/21-22

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നും വിതരണ സാമഗ്രികളും വാങ്ങൽ
വൗച്ചർ നമ്പർ-22101407/21.01.22 /, തുക- 3,00,000 രൂപ

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയ്സ് PF-912/10.11.21 പ്രകാരം 300000 രൂപ ഹോംകോയ്ക്ക നൽകിയിട്ടുണ്ട്. 174801 രൂപയ്ക്കുള്ള മരുന്ന ലഭ്യമാക്കിയതിന്റെ ടാക്സ് ഇൻവോയ്സ്(LF-1442/27.12.22)മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ബാക്കി 125199 രൂപയ്ക്ക് മരുന്ന ലഭ്യമാക്കിയതിന്റെ ടാക്സ് ഇൻവോയ്സ്, സ്റ്റോക്കിലെടുത്തതിന്റെ രജിസ്റ്റർ എന്നിവ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയതിന്(എൻക്വയറി നമ്പർ 5/01.02.23) 174801 രൂപയ്ക്കുള്ള മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളതെന്നും ബാക്കി തുകയ്ക്ക് മരുന്ന ലഭ്യമാക്കുന്നതിന് ഹോംകോയ്ക്ക് കത്ത് നൽകിയെങ്കിലും നാളിതു വരെ മരുന്ന് ലഭിച്ചിട്ടില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-24 സാക്ഷരതാ തുല്യതാ പഠനം-രേഖകൾ ഹാജരാക്കിയില്ല

പ്രോജക്റ്റ് നം.36/22, നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ്സ്
സാക്ഷരത കേന്ദ്രത്തിലെ പഠിതാക്കൾക്ക് ഫീസ് അടവാക്കൽ

വകയിരുത്തിയ തുക – തനത് ഫണ്ട് – 70000/-

ചെലവ് – 64600/- തനത് ഫണ്ട് – വൗച്ചർ നം. 22101356/31.03.22, തുക-64600/-

പത്താം തരം, തുല്യത കോഴ്സ് ഫീസിനത്തിൽ 14000/- രൂപയും (8 പഠിതാക്കൾക്ക് 1750 രൂപ നിരക്കിൽ) പ്ലസ് ടു തുല്യത കോഴ്സ് ഫീസിനത്തിൽ 50600/- രൂപയും (23 പഠിതാക്കൾക്ക് 2200 രൂപ നിരക്കിൽ) കൂടി ആകെ 64600/- രൂപ സംസ്ഥാന സാക്ഷരത മിഷന് കൈമാറിയിട്ടുണ്ട്. അറ്റൻഡൻസ് രജിസ്റ്റർ ഹാജരാക്കിയതു പ്രകാരം നിലവിൽ കോഴ്സ് നടന്നു കൊണ്ടിരിക്കുകയാണ്. പഠിതാക്കൾ പരീക്ഷ എഴുതിയിട്ടില്ലാത്ത സാഹചര്യത്തിൽ പദ്ധതിയുടെ ഫലപ്രാപ്തി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.(ഓഡിറ്റ് എൻക്വയറി നമ്പർ 6/01.02.23). എല്ലാ പഠിതാക്കളും കോഴ്സ് പൂർത്തീകരിച്ച് പരീക്ഷ എഴുതിയെന്ന് ഉറപ്പാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-25 ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ, തെക്കുംകര
ലൈഫ് ഭവന പദ്ധതി (ജനറൽ) എന്ന പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| നമ്പർ | ഗുണഭോക്താവിന്റെ പേരും | അനുവദിച്ച തുക |
|---|---|---|
| 1 | റസിയ മൊയ്തീൻ | 300000 |
| 2 | ബീവാത്തുമ്മ ഹുസൈൻ | 300000 |
| 3 | ആമിന ഹുസൈൻ | 300000 |
| 4 | അമ്മിണി വേലായുധൻ | 200000 |

ഓഡിറ്റ് എൻക്വയറിക്ക് (9/2.2.23) മറുപടിയായി ഭവന നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-26 തുക ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറാതെ നിർവ്വഹണോദ്യോഗസ്ഥന്റെ അക്കൗണ്ടിലേയ്ക്ക് മാറ്റുന്നു

സർക്കാർ ഉത്തരവ് 88/2018 ഫിൻ തീ. 11.06.2018 ഖണ്ഡിക 4, 5.3 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിക്കുന്ന തുകകൾ ഉൾപ്പെടെ നേരിട്ട് ഗുണഭോക്താവിന് നല്കണമെന്ന് നിർദ്ദേശമുള്ളതാണ്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 ചട്ടം 34(2) പ്രകാരവും പണം കിട്ടേണ്ട ആളിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യുന്ന രീതിയിൽ ചെയ്യേണ്ടതാണ്.

എന്നാൽ പഞ്ചായത്തിൽ നിർവ്വഹണോദ്യോഗസ്ഥൻ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് തുക മാറ്റുന്നതിന് ഫോം TR 59 E തയ്യാറാക്കി സെക്രട്ടറിയ്ക്ക് സമർപ്പിക്കുന്നുവെങ്കിലും സെക്രട്ടറി തുക നല്കുന്നത് നിർവ്വഹണോദ്യോഗസ്ഥനാണ്. നിർവ്വഹണോദ്യോഗസ്ഥൻ പിന്നീട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് തുക മാറ്റുകയാണ് ചെയ്യുന്നത്. ഇത് നേരിട്ട് ഗുണഭോക്താക്കൾക്ക് തുക നല്കുകയെന്ന സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്.

വി.ഇ.ഒ-യ്ക്ക് തനത്/സംസ്ഥാന ഫണ്ടിൽ നിന്നും നല്കുന്ന തുക STSB 799011400006734 എന്ന അക്കൗണ്ടിൽ നിക്ഷേപിക്കുകയും അതിൽനിന്നും തുക ഗുണഭോക്താക്കൾക്ക് നല്കുകയും ചെയ്യുന്നു. ഈ അക്കൗണ്ടിൽ 31/3/22 ൽ 59120 രൂപ നീക്കിയിരിപ്പ് കാണുന്നു.
ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് തുക നല്കുക എന്ന സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 9 തീ 2.2.23)

## 1-27 അങ്കണവാടി പോഷകാഹാര പദ്ധതി -രേഖകൾ ഹാജരാക്കിയില്ല – ₹14,96,565 രൂപ തടസ്സപ്പെടുത്തുന്നു

ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ അങ്കണവാടി പോഷകാഹാര പദ്ധതി പ്രകാരമുള്ള താഴെ കൊടുക്കുന്ന ചെലവ് തുകയുടെ ആധികാരികമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

| പദ്ധതി നം | ഫണ്ടിനം | വൗച്ചർ നം/തിയതി | ചെലവ് തുക |
|---|---|---|---|
| 72/22 | കേന്ദ്രാവിഷ്കൃത ഫണ്ട് | 22100506/16.10.21 | ₹7,00,000 |
| 72/22 | തനത് ഫണ്ട് | 22100604/17.11.21 | ₹3,00,000 |
| S0140/22 | തനത് ഫണ്ട് | 22100355/24.9.21 | ₹4,96,565 |
| ആകെ | | | ₹14,96,565 |

ചെലവഴിച്ച തുകയുടെ ആധികാരികമായ രേഖകൾ ഹാജരാക്കുന്നതുവരെ ₹14,96,565 രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം 24/4.3.23 മറുപടി ലഭ്യമാക്കിയില്ല). ആദ്യ മറുപടിക്കൊപ്പം ചെലവുരേഖകൾ ഹാജരാക്കാത്ത പക്ഷം ചെലവു രേഖകൾ ഇല്ല എന്ന അനുമാനത്തിൽ സർചാർജ് നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 1-28 ജൻഡർ റിസോഴ്സ് സെന്റർ പ്രവർത്തനവും കമ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററുടെ ഓണറേറിയവും -രേഖകൾ ഹാജരാക്കുന്നതു വരെ ₹65029 രൂപ തടസ്സപ്പെടുത്തുന്നു

പ്രൊജക്ട്-142/22-ജൻഡർ റിസോഴ്സ് സെന്റർ പ്രവർത്തനവും കമ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററുടെ ഓണറേറിയവും

നിർവ്വഹണ ഉദ്യോഗസ്ഥ-ഐസിഡിഎസ് സൂപ്പർവൈസർ

വൗച്ചർ നം. 22100356/8.9.21. തുക ₹65029 ( തനത് ഫണ്ട്)

മേൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു

I) പദ്ധതിപ്രകാരം വാങ്ങിയ ഇനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ലഭ്യമാക്കിയില്ല

| ഇനം | തുക കൈമാറിയ സ്ഥാപനം | ഇൻവോയ്സ് നം/ തിയതി | തുക |
|---|---|---|---|
| മെൻസ്ട്രൽ കപ്പ് | മെഡി ഡ്രഗ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് | 730015068/15.3.21 | 13230 |
| പുസ്തകങ്ങൾ | കറന്റ് ബുക്സ് | 284/16.3.21 | 10149 |

Ii) Hottags എന്ന സ്ഥാപനത്തിന് 41650 രൂപ കൈമാറിയിട്ടുണ്ട്. ഏതാവശ്യത്തിനാണ് തുക നൽകിയതെന്ന് വ്യക്തമാക്കേണ്ടതാണ്. സ്ഥാപനത്തിന്റെ ഇൻവോയ്സ് /ബില്ല് ഫയലിൽ ഇല്ല.

Iii) മേൽ വാങ്ങലുകളുടെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയില്ല.

രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/3.2.23) മറുപടി ലഭ്യമാക്കിയില്ല.

രേഖകൾ ഹാജരാക്കുന്നതുവരെ ₹65029 രൂപ തടസ്സപ്പെടുത്തുന്നു. ആദ്യ മറുപടിക്കൊപ്പം ചെലവു രേഖകൾ ഹാജരാക്കാത്തപക്ഷം ചെലവുരേഖകൾ ഇല്ല എന്ന അനുമാനത്തിൽ സർചാർജ് നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-29 ക്യാഷ് ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല

കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം പൊതു പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും ടി.ആർ 7 എ ക്യാഷ്ബുക്കിൽ വരവു ചെലവു വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥയായ ഐസിഡിഎസ് സൂപ്പർവൈസർ ക്യാഷ് ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല. ക്യാഷ് ബുക്ക് പ്രതിമാസ വർഷാന്ത്യ ക്ലോസിംഗ് നടത്തിയിട്ടില്ല. കാഷ്ബുക്ക് രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾ ചൂണ്ടികാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 15/3.2.23) മറുപടി ലഭ്യമാക്കിയില്ല.
കാഷ് ബുക്ക് ശരിയായി എഴുതി സൂക്ഷിച്ച് അറിയിക്കേണ്ടതാണ്.

## 1-30 സ്റ്റോക്കിലെടുത്തിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കേണ്ടതാണ്- ചെലവു തുക 148385 രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥ-ഐസിഡിഎസ് സൂപ്പർവൈസർ

വൗച്ചർ നം. 22101367/9.11.21. തുക ₹ 148385

അങ്കണവാടി പോഷകാഹാര പദ്ധതി (പദ്ധതിനം72/22) പ്രകാരം മാവേലി സ്റ്റോറിൽ നിന്നും 148385 രൂപയുടെ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. ഇൻവോയ്സ് നം 21727/29.10.21 പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.
രേഖകൾ ഹാജരാക്കുവാൻആവശ്യപ്പട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 15/3.2.23) മറുപടി ലഭ്യമാക്കിയില്ല.

സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കുന്നതുവരെ ചെലവു തുക 148385 രൂപ തടസ്സപ്പെടുത്തുന്നു. ആദ്യമറുപടിക്കൊപ്പം ചെലവുരേഖകൾ ഹാജരാക്കാത്ത പക്ഷം ചെലവു രേഖകൾ ഇല്ല എന്ന അനുമാനത്തിൽ സർചാർജ് നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 1-31 മെഡിക്കൽ ഓഫീസർ പി എച്ച് സി നിർവ്വഹണം നടത്തിയ പദ്ധതികൾ-രേഖകൾ ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥ- മെഡിക്കൽ ഓഫീസർ

I പദ്ധതി നമ്പർ- 17/22
വൗച്ചർ നമ്പർ- 22101244/10.06.21

പെയ്ൻ ആന്റ് പാലിയേറ്റീവ് കെയർ

പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്ത് വിഹിതം 4 ലക്ഷം രൂപ ലഭിച്ചത് മരുന്നു വാങ്ങുന്നതിനായി KMSCL ന്റെ പ്രൊഫോർമ ഇൻവോയ്സ് നമ്പർ PRF 1600/11.08.21 ലഭിച്ചത് പ്രകാരം KMSCLനു തുക കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്നു ലഭ്യമാക്കിയതിന്റെ ടാക്സ് ഇൻവോയ്സ്, സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

II പദ്ധതി നമ്പർ -175/22
വൗച്ചർ നമ്പർ-22101484/30.03.22
തദ്ദേശ ഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് മരുന്ന് വാങ്ങി നൽകൽ
പദ്ധതി പ്രകാരം കല്ലംകുന്ന് സർവീസ് സഹകരണ ബാങ്ക് നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും 49999 രൂപയ്ക്ക്(ബിൽ നമ്പർ 89696/24.03.22) മരുന്ന് വാങ്ങിയിട്ടുണ്ട്. മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല,
രേഖകൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(എൻക്വയറി നമ്പർ 17/03.02.23) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-32 കെൽട്രോണിന് മുൻകൂർ-കമ്പ്യൂട്ടർ നാളിതുവരെ ലഭ്യമായിട്ടില്ല

നിർവ്വഹണം-സെക്രട്ടറി

| പ്രോജക്റ്റ് | വൗച്ചർ | തുക | ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|
| 172/22-പഞ്ചായത്ത് ഓഫീസിലേയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ | 42100556 &22100601 തീ 17/11/21 | 50616 | 414102002 - Infrastructure For Reading Rooms, Libraries And Grama/Ward Sabha Centres-Library Computerisation Of Local Self Government Institutions |

| പ്രോജക്റ്റ് | വൗച്ചർ | തുക | ശീർഷകം |
|---|---|---|---|
| 209/22-പഞ്ചായത്ത് ഓഫീസിലേയ്ക്ക് ലാപ്ടോപ്പ് വാങ്ങൽ | 42100555 & 22100600 തീ 17/11/21 | 39020 | 414102002 - Infrastructure For Reading Rooms, Libraries And Grama/Ward Sabha Centres-Library Computerisation Of Local Self Government Institutions |

1. മേൽ രണ്ട് പ്രോജക്റ്റുകളിലുമായി കെൽട്രോണിന്റെ പ്രഫോർമ ഇൻവോയ്സ് പ്രകാരം 1 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങുന്നതിനും 1 ലാപ്ടോപ്പ് വാങ്ങുന്നതിനും തുക മുൻകൂറായി നല്കി. എന്നാൽ നാളിതുവരെ കെൽട്രോൺ ഇത് സപ്ലൈ ചെയ്തിട്ടില്ലാത്തതാണ്. ഇവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2. കമ്പ്യൂട്ടർ/ലാപ്ടോപ്പ് വാങ്ങുന്നതിന് മുൻകൂറായി നല്കിയ തുക കമ്പ്യൂട്ടർ/ലാപ്ടോപ്പ് ലഭ്യമായി എന്നുള്ള പോലെ ആസ്തി ശീർഷകത്തിലാണ് ബുക്ക് ചെയ്തിരിക്കുന്നത്. ആയത് 2022-23 ൽ സ്ഥാപനങ്ങൾക്ക് നല്കിയ മുൻകൂർ എന്ന ശീർഷകത്തിലേയ്ക്ക് മാറ്റേണ്ടതും, മുൻകൂർ രജിസ്റ്ററിൽ ചേർക്കേണ്ടതും കമ്പ്യൂട്ടർ/ലാപ്പ്ടോപ്പ് ലഭ്യമാകുന്ന മുറയ്ക്ക് സ്ഥാപനത്തിന്റെ ആസ്തിയായി ഉൾപ്പെടുത്തേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി 8 തീ 2/2/23, മറുപടി ലഭ്യമാക്കിയില്ല)

## 1-33 ABC പ്രോഗ്രാം- വിനിയോഗ സാക്ഷ്യപത്രം ഇല്ല.

നിർവ്വഹണം-സെക്രട്ടറി

| പ്രോജക്റ്റ് | വൌച്ചർ | തുക |
|---|---|---|
| 3/22-ABC പ്രോഗ്രാം | 22101184 തീ 14/7/21 | 2,10,000 |

ഈ തുക District Mission Coordinator ക്ക് നല്കിയിതിന് കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 8 തീ 2/2/23, മറുപടി ലഭ്യമാക്കിയില്ല).

## 1-34 തെരുവുവിളക്ക് അറ്റകുറ്റപണി- ജി എസ് ടി ഇൻവോയ്സ് ഇല്ല, കരാറിൽ നിരക്ക് രേഖപ്പെടുത്തുന്നില്ല

നിർവ്വഹണം-സെക്രട്ടറി

| പ്രോജക്റ്റ് | വൗച്ചർ | തുക |
|---|---|---|
| 173/22- തെരുവുവിളക്ക് അറ്റകുറ്റപണി | 22100518 /25.10.21 | 849730 |
| 16/22-തെരുവുവിളക്ക് അറ്റകുറ്റപണി | 22101352/31.03.22 | 372600 |
| | 22101147/31.03.22 | 423600 |

*1. കരാറിൽ നിരക്ക് രേഖപ്പെടുത്തുന്നില്ല.*

സർക്യൂട്ട് ടെക്നോളജി, പെരിഞ്ഞനം എന്ന കുടുംബശ്രീ യൂണിറ്റിനാണ് സർക്കാർ ഉത്തരവിനനുസരിച്ച് ടെണ്ടർ കൂടാതെ തെരുവുവിളക്ക് അറ്റകുറ്റപ്പണി ഏല്പിച്ചിരിക്കുന്നത്. സ്ഥാപനം നല്കിയ ഓഫർ ലെറ്ററിൽ ചേർത്തിട്ടുള്ള

നിരക്കുകൾ പ്രകാരം കരാറിലേർപ്പെട്ടെങ്കിലും ഓരോ ഇനം തെരുവുവിളക്ക് റിപ്പയർ ചെയ്യുന്നതിനുമുള്ള നിരക്ക് കരാറിൽ രേഖപ്പെടുത്തിയിട്ടില്ല. കരാറിലേർപ്പെടുമ്പോൾ ചെയ്യേണ്ട പ്രവൃത്തിയുടെ നിരക്ക് രേഖപ്പെടുത്തേണ്ടതാണ്

*2. ജി എസ് ടി ഇൻവോയ്സിന് പകരം കത്തിന്റെ അടിസ്ഥാനത്തിൽ തുക നല്കി*

സർക്കാരിന്റെ സർക്കുലർ നമ്പർ 18/19/ധനം തീയ്യതി 1.03.2019 ഖണ്ഡിക 4 പ്രകാരം ജിഎസ്ടി രജിസ്ട്രേഷൻ ഉള്ള കരാറുകാരിൽ നിന്നു മാത്രമേ ടെണ്ടർ സ്വീകരിക്കേണ്ടതുള്ളൂ. ജി എസ് ടി രജിസ്ട്രേഷൻ ഉള്ള കരാറുകാർ ജി എസ് ടി നിയമം 2017 വകുപ്പ് 31 പ്രകാരം സപ്ലൈ ചെയ്ത സാധനങ്ങളുടെ /സേവനങ്ങളുടെ ഇൻവോയ്സ് നല്കേണ്ടതുണ്ട്. എന്നാൽ ഇൻവോയ്സ് ലഭ്യമാക്കാതെ സ്ഥാപനം നല്കിയ കത്തിന്റെയും വാർഡ്മെമ്പർമാർ നല്കുന്ന സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിലാണ് തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിയ്ക്കുള്ള തുക സർക്യൂട്ട് ടെക്നോളജി എന്ന സ്ഥാപനത്തിന് നല്കിയിരിക്കുന്നത്. ഈ രേഖകളോടൊപ്പം തന്നെ ജി എസ് ടി ഇൻവോയ്സ് ലഭ്യമാക്കേണ്ടതാണ്. .(ഓഡിറ്റ് എൻക്വയറി 8 തീ 2/2/23, മറുപടി ലഭ്യമാക്കിയില്ല)

## 1-35 അറവ് ശാല സ്ഥാപനം- അളവ് പുസ്തകത്തിൽ നാളിതുവരെയുള്ള പ്രവൃത്തി മൂല്യം കണക്കാക്കാതെ തുക നല്കി-600225.55 രൂപ നിരാകരിക്കുന്നു.

| പ്രോജക്ട് | നിർവ്വഹണം |
|---|---|
| 144/22 ആധുനിക അറവുശാല സ്ഥാപനം | സെക്രട്ടറി |

വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ അറവ് ശാല നിർമാണം നിർവ്വഹണ ഏജൻസിയായ സിൽക് (ചേർത്തല യൂണീറ്റ്) നെ 2017-18 ൽ ഏൽപ്പിച്ചിട്ടുള്ളതാണ്. 31.03.2018 ലെ കരാർ പ്രകാരം നിർവ്വഹണ ഏജൻസിയായ സിൽക് (ചേർത്തല യൂണീറ്റ്) അറവുശാല നിർമാണ കരാർ തുക 9758363 രൂപയിൽ നിന്ന് 8095530 രൂപയായി കുറച്ചു. സിൽക് (ചേർത്തല യൂണീറ്റ്)അറവുശാലനിർമാണത്തിന്റെ എം ബുക്ക്/ബില്ല് എന്നിവയും ഹാജരാക്കുകയും ആയതു പ്രകാരവും പ്രഫോർമ ഇൻവോയ്സ് SILK/FB/E/P/21 തീ 21.02.22 പ്രകാരവും ഇനി നല്കാനുള്ള തുകയായി 3124584 രൂപ കണക്കാക്കി ആവശ്യപ്പെടുകയും ചെയ്തു. സിൽക് സമർപ്പിച്ച ബിൽ, അളവ് പുസ്തകം എന്നിവയിൽ നാളിതുവരെ ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യം (Total Value To Date)(കോളം 7ന്റെ തുക ) കണക്കാക്കിയിട്ടില്ല. കോളം 8 പ്രകാരം "Deducted Previous" എന്ന കോളവും എഴുതി ആകെ കണക്കാക്കിയിട്ടില്ല. മറിച്ച് കോളം 9 (Since Last Measurement) മാത്രം ആകെ തുക കണക്കാക്കിയാണ് മേൽ തുക ആവശ്യപ്പെട്ടിരിക്കുന്നത്. തുക അടവാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ | തീയ്യതി | തുക |
|---|---|---|
| 22101291 | 31/3/22 | 2487970 |
| 22101462 | 25/03/22 | 636614 |
| | | 3124584 |

ഇപ്രകാരം ആകെ 2017-18 മുതൽ 2021-22 ഉൾപ്പെടെ അറവുശാല നിർമാണത്തിന് സിൽകിന് നല്കിയ തുകകൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ട് | വൌച്ചർ | തീയ്യതി | തുക | ആകെ ചെലവ് |
|---|---|---|---|---|---|
| 2017-18 | 171 | | | | ഇല്ല |
| 2018-19 | 161 | 21800873<br>21800262<br>21801175 | 29/05/18<br>23/06/18<br>07/03/19 | 20,00,000<br>439591<br>1560409 | 4000000 |
| 2019-20 | 154 | | | | ഇല്ല |
| 2020-21 | 267 | 22000733 | 11/1/21 | 487030 | 487030 |

| | | | | | |
|---|---|---|---|---|---|
| 2021-22 | 144 | 22101291<br>22101462 | 31/3/22<br>25/3/21 | 2487970<br>636614 | 3124584 |
| | | | | | 7611614 |

അളവ് പുസ്തകത്തിൽ നാളിതുവരെ ചെയ്ത പ്രവൃത്തി സിൽക് കണക്കാക്കി അളവ് പുസ്തകം, ബില്ല് എന്നിവയിൽ രേഖപ്പെടുത്താത്തതിനാൽ ഓഡിറ്റിൽ അളവ് പുസ്തകം പ്രകാരം നാളിതുവരെ ചെയ്ത പ്രവൃത്തി കണക്കുകൂട്ടിയെടുക്കുകയുണ്ടായി. ആയത് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അളവ് പുസ്തകം | Since Last Measurement (സിൽക് രേഖപ്പെടുത്തിയത്) | Total Value To Date | Total Value To Date ഓഡിറ്റിൽ കണക്കാക്കിയത് |
|---|---|---|---|
| 1.Renovation And Maintance Work (MB 169 പേജ് 34-50 & MB 188പേജ് 01-04 ) | 1205347.97 രൂപ | കണക്കാക്കിയിട്ടില്ല | (ആകെ മൂല്യം =3154213.69 കൂട്ടുക8% Centage=252337.09 Centageഉൾപ്പെടെ =3406550.78 കൂട്ടുക 12%GST=408786.09 GST ഉൾപ്പെടെ =3815336.87)<br><br>3815336.87 |
| 2.Civil Work And Road Work ( MB 188പേജ് 04-15 ) | 1919236.53 രൂപ | കണക്കാക്കിയിട്ടില്ല | (ആകെ മൂല്യം =2642238.42 കൂട്ടുക8% Centage=211379.07 Centageഉൾപ്പെടെ =2853617.49 കൂട്ടുക 12%GST=342434.09 GST ഉൾപ്പെടെ =3196051.58)<br>3196051.58 |
| ആകെ | 3124584.50 രൂപ | | 7011388.45 |

ആകെ പ്രവൃത്തി മൂല്യം 7011388.45 രൂപ മാത്രമായിരിക്കെ നാളിതുവരെ 7611614 രൂപ SILKന് നല്കിയതായി കാണുന്നു. വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ അസിസ്റ്റന്റ് എഞ്ചിനീയർ അളവ് പുസ്തകം, ഫൈനൽ ബിൽ എന്നിവ പരിശോധിച്ചിട്ടില്ല എന്ന് കാണുന്നു. ഇപ്രകാരം ക്ഷമതയുള്ള ഉദ്യോഗസ്ഥൻ ഫയൽ പരിശോധിക്കാതെയാണ് സെക്രട്ടറി തുക നല്കിയിരിക്കുന്നത്. അസിസ്റ്റന്റ് എഞ്ചിനീയർ അറവുശാലയുടെ നിർമാണ പ്രവൃത്തികൾ പൂർത്തീകരിച്ചത് മോണിറ്ററിംഗ് കമ്മിറ്റിയുടെ സാന്നിധ്യത്തിൽ ഭൗതിക പരിശോധന നടത്തിയ റിപ്പോർട്ടാണ് ഫയലിലുള്ളത്. കൂടുതലായി അടവാക്കിയതായി ഓഡിറ്റിൽ കണ്ടെത്തിയ തുക 600225.55 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ അളവ് പുസ്തകങ്ങൾ പരിശോധിക്കുകയും അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന Total Value To Date കണക്കാക്കേണ്ടതും കൂടുതൽ തുക നല്കിയോയെന്ന് പരിശോധിക്കേണ്ടതുമാണ്. തുക കൂടുതലായി നല്കിയെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ കണക്കാക്കുന്ന പക്ഷം ഈ തുക 'സിൽക് ' ൽ നിന്നോ നിർവ്വഹണം നടത്തിയ സെക്രട്ടറിയിൽ

നിന്നോ ഈടാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 8 തീ 2/2/23 ,മറുപടി ലഭ്യമാക്കിയില്ല).

### 1-36 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകൾ-പ്രവൃത്തികൾക്ക് ജിഎസ്ടി ഇൻവോയ്സ് ലഭ്യമാക്കുന്നില്ല-കരാറുകാരൻ ജിഎസ് ടി അടവാക്കുന്നത് ഉറപ്പാക്കാൻ സാധിക്കുന്നില്ല

കേരള സർക്കാരിന്റെ സർക്കുലർ നമ്പർ 18/19 ധനം തീ. 1/3/19 ലെ നിർദ്ദേശങ്ങൾ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് GST ഉൾപ്പെടാതെയുള്ള തുകയ്ക്ക് എസ്റ്റിമേറ്റ്, ബിൽ എന്നിവ തയ്യാറാക്കുകയും, ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിന്റെ കൂടെ GST നിരക്ക് കൂട്ടുകയും മൊത്തം തുക കരാറുകാരന് നല്കുകയും ചെയ്യുന്നു. GST ഉൾപ്പെടാതെ 2,50,000-ൽ കൂടുതൽ മൂല്യംവരുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക് കരാറുകാരന് തുക നല്കുമ്പോൾ കേന്ദ്രസർക്കാരിന്റെ 50/18 തീ 13/9/2018 GST, കേരള സർക്കാരിന്റെ 680/18 തീ 28.09.2018 എന്നീ വിജ്ഞാപനങ്ങൾ പ്രകാരം കേന്ദ്ര ജിഎസ് ടിയിലേയ്ക്ക് 1%, സംസ്ഥാന ജി എസ് ടി യിലേയ്ക്ക് 1% ഇപ്രകാരം ആകെ 2% TDS കുറവ് ചെയ്യുകയും ആയതിന് പഞ്ചായത്ത് റിട്ടേൺ സമർപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും GST ഇനത്തിൽ 2,50,000 ൽ കൂടുതൽ മൂല്യം വരുന്ന പ്രവൃത്തികൾക്ക് നല്കുന്ന തുകയുടെ വിവരം GST വകുപ്പിലേക്ക് എത്തുകയും നികുതി അസ്സസ്സ്മെന്റിന് കരാറുകാരൻ വിധേയനാകുകയും ചെയ്യുന്നു.

കരാർതുകയും പ്രവൃത്തിമൂല്യവും 2,50,000 രൂപയിൽ താഴെ മൂല്യമുള്ള പൊതുമരാമത്ത് പ്രവൃത്തികൾക്ക് TDS ബാധകമല്ല, റിട്ടേൺ സമർപ്പിക്കേണ്ടതില്ല. എന്നാൽ GST ഇനത്തിൽ ഈ പ്രവൃത്തികൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്ന് തുക നല്കേണ്ടതുമുണ്ട്. പഞ്ചായത്ത് ഫണ്ടിൽ നിന്ന് GST ഇനത്തിൽ നല്കുന്ന തുക നികുതി അസ്സസ്സ്മെന്റിന് വിധേയമാക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതുണ്ട്. GST നിയമം 2017 വകുപ്പ് 31(2) പ്രകാരം എല്ലാ നികുതി ബാധകമായ സേവനങ്ങൾക്കും സേവനത്തിന്റെ മൂല്യം, നികുതി എന്നിവയും മറ്റ് വിവരങ്ങളും ഉൾക്കൊള്ളിച്ച് സേവന ദാതാവ് ഇൻവോയ്സ് നല്കേണ്ടതുണ്ട്. ഈ ഇൻവോയ്സ് നികുതി അസസ്സ്മെന്റ് ഉറപ്പ് വരുത്തുന്നു.

പഞ്ചായത്ത്, കരാറുകാർക്ക് (സേവനദാതാവിന്) നല്കുന്ന തുകക്ക് നിലവിൽ ഇൻവോയ്സ് ലഭ്യമാക്കാത്തതിനാൽ പഞ്ചായത്ത് 2021-22 വർഷം നടപ്പാക്കിയതും 2,50,000 രൂപയിൽ താഴെ മൂല്യമുള്ളതുമായ പ്രവൃത്തികൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്ന് GST ഇനത്തിൽ നല്കിയ തുക സർക്കാരിലേക്ക് അടവാക്കിയോ എന്ന് ഉറപ്പ് വരുത്താനാകുന്നില്ല. ആയതിനാൽ 2021-22 വർഷം ഇപ്രകാരം തുക നല്കിയ പ്രവൃത്തികളുടെ ജി.എസ്.ടി ഇൻവോയ്സ് കരാറുകാരനിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 16 തീ 03/02/2023,മറുപടി ലഭ്യമാക്കിയില്ല))

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അറവ് ശാല സ്ഥാപനം- അളവ് പുസ്തകത്തിൽ നാളിതുവരെയുള്ള പ്രവൃത്തി മൂല്യം കണക്കാക്കാതെ തുക നല്കി-600225.55 രൂപ നിരാകരിക്കുന്നു.

| പ്രോജക്ട് | നിർവ്വഹണം |
|---|---|
| 144/22 ആധുനിക അറവുശാല സ്ഥാപനം | സെക്രട്ടറി |

വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ അറവ് ശാല നിർമാണം നിർവ്വഹണ ഏജൻസിയായ സിൽക് (ചേർത്തല യൂണിറ്റ്) നെ 2017-18 ൽ ഏൽപ്പിച്ചിട്ടുള്ളതാണ്. 31.03.2018 ലെ കരാർ പ്രകാരം നിർവ്വഹണ ഏജൻസിയായ സിൽക് (ചേർത്തല യൂണിറ്റ്) അറവുശാല നിർമാണ കരാർ തുക 9758363 രൂപയിൽ നിന്ന് 8095530 രൂപയായി കുറച്ചു. സിൽക് (ചേർത്തല യൂണിറ്റ്) അറവുശാലനിർമാണത്തിന്റെ എം ബുക്ക്/ബില്ല് എന്നിവയും ഹാജരാക്കുകയും ആയതു പ്രകാരവും പ്രഫോർമ ഇൻവോയ്സ് SILK/FB/E/P/21 തീ 21.02.22 പ്രകാരവും ഇനി നല്കാനുള്ള തുകയായി 3124584 രൂപ കണക്കാക്കി ആവശ്യപ്പെടുകയും ചെയ്തു. സിൽക് സമർപ്പിച്ച ബിൽ, അളവ് പുസ്തകം എന്നിവയിൽ നാളിതുവരെ ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യം (Total Value To Date)(കോളം 7ന്റെ തുക) കണക്കാക്കിയിട്ടില്ല. കോളം 8 പ്രകാരം “Deducted Previous” എന്ന കോളവും എഴുതി ആകെ കണക്കാക്കിയിട്ടില്ല. മറിച്ച് കോളം 9 (Since Last Measurement) മാത്രം ആകെ തുക കണക്കാക്കിയാണ് മേൽ തുക ആവശ്യപ്പെട്ടിരിക്കുന്നത്. തുക അടവാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ | തീയ്യതി | തുക |
|---|---|---|
| 22101291 | 31/3/22 | 2487970 |
| 22101462 | 25/03/22 | 636614 |
| | | 3124584 |

ഇപ്രകാരം ആകെ 2017-18 മുതൽ 2021-22 ഉൾപ്പെടെ അറവുശാല നിർമാണത്തിന് സിൽകിന് നല്കിയ തുകകൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്റ്റ് | വൌച്ചർ | തീയ്യതി | തുക | ആകെ ചെലവ് |
|---|---|---|---|---|---|
| 2017-18 | 171 | | | | ഇല്ല |
| 2018-19 | 161 | 21800873<br>21800262<br>21801175 | 29/05/18<br>23/06/18<br>07/03/19 | 20,00,000<br>439591<br>1560409 | 4000000 |
| 2019-20 | 154 | | | | ഇല്ല |
| 2020-21 | 267 | 22000733 | 11/1/21 | 487030 | 487030 |
| 2021-22 | 144 | 22101291<br>22101462 | 31/3/22<br>25/3/21 | 2487970<br>636614 | 3124584 |
| | | | | | 7611614 |

അളവ് പുസ്തകത്തിൽ നാളിതുവരെ ചെയ്ത പ്രവൃത്തി സിൽക് കണക്കാക്കി അളവ് പുസ്തകം, ബില്ല് എന്നിവയിൽ രേഖപ്പെടുത്താത്തതിനാൽ ഓഡിറ്റിൽ അളവ് പുസ്തകം പ്രകാരം നാളിതുവരെ ചെയ്ത പ്രവൃത്തി കണക്കുകൂട്ടിയെടുക്കുകയുണ്ടായി. ആയത് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അളവ് പുസ്തകം | Since Last Measurement (സിൽക് രേഖപ്പെടുത്തിയത്) | Total Value To Date | Total Value To Date ഓഡിറ്റിൽ കണക്കാക്കിയത് |
|---|---|---|---|
| 1.Renovation And Maintance Work (MB 169 പേജ് 34-50 & MB 188പേജ് 01-04 ) | 1205347.97 രൂപ | കണക്കാക്കിയിട്ടില്ല | (ആകെ മൂല്യം =3154213.69<br>കൂട്ടുക8% Centage=252337.09<br>Centageഉൾപ്പെടെ =3406550.78<br>കൂട്ടുക 12%GST=408786.09 |

| | | | |
|---|---|---|---|
| | | | GST ഉൾപ്പെടെ =3815336.87)<br><br>3815336.87 |
| 2.Civil Work And Road Work ( MB 188പേജ് 04-15 ) | 1919236.53 രൂപ | കണക്കാക്കിയിട്ടില്ല | (ആകെ മൂല്യം =2642238.42 കൂട്ടുക8% Centage=211379.07 Centageഉൾപ്പെടെ =2853617.49 കൂട്ടുക 12%GST=342434.09 GST ഉൾപ്പെടെ =3196051.58) 3196051.58 |
| ആകെ | 3124584.50 രൂപ | | 7011388.45 |

ആകെ പ്രവൃത്തി മൂല്യം 7011388.45 രൂപ മാത്രമായിരിക്കെ നാളിതുവരെ 7611614 രൂപ SILKന് നല്കിയതായി കാണുന്നു. വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ അസിസ്റ്റന്റ് എഞ്ചിനീയർ അളവ് പുസ്തകം, ഫൈനൽ ബിൽ എന്നിവ പരിശോധിച്ചിട്ടില്ല എന്ന് കാണുന്നു. ഇപ്രകാരം ക്ഷമതയുള്ള ഉദ്യോഗസ്ഥൻ ഫയൽ പരിശോധിക്കാതെയാണ് സെക്രട്ടറി തുക നല്കിയിരിക്കുന്നത്. അസിസ്റ്റന്റ് എഞ്ചിനീയർ അറവുശാലയുടെ നിർമാണ പ്രവൃത്തികൾ പൂർത്തീകരിച്ചത് മോണിറ്ററിംഗ് കമ്മിറ്റിയുടെ സാന്നിധ്യത്തിൽ ഭൌതിക പരിശോധന നടത്തിയ റിപ്പോർട്ടാണ് ഫയലിലുള്ളത്. കൂടുതലായി അടവാക്കിയതായി ഓഡിറ്റിൽ കണ്ടെത്തിയ തുക 600225.55 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ അളവ് പുസ്തകങ്ങൾ പരിശോധിക്കുകയും അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന Total Value To Date കണക്കാക്കേണ്ടതും കൂടുതൽ തുക നല്കിയോയെന്ന് പരിശോധിക്കേണ്ടതുമാണ്. തുക കൂടുതലായി നല്കിയെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ കണക്കാക്കുന്ന പക്ഷം ഈ തുക 'സിൽക്' ൽ നിന്നോ നിർവ്വഹണം നടത്തിയ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 8 തീ 2/2/23 ,മറുപടി ലഭ്യമാക്കിയില്ല)

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

### 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| LIFE - Loan | GO(MS) No 68/2018/LSGD | 13171474 | 13171474 | 2757333 | 0 | 10414141 |

| | | | | | | |
|---|---|---|---|---|---|---|
| From HUDCO | Dt 18.05.2018 | | | | | |

ലോൺ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഈ റിപ്പോർട്ട് ഖണ്ഡിക 1-10-17 ൽ അപാകത ഉൾപ്പെടുത്തിയിട്ടുണ്ട്.

### 4-5 സ്ഥിരനിക്ഷേപം

ഇല്ല.

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കിയില്ല.

### 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

### 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹118124134.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹106265683.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹600225.55 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1709979.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | ₹600225.55 | ശ്രീ സജീവ്കുമാർ കെ ബി, സെക്രട്ടറി |
| | ആകെ | ₹600225.55 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | ₹14,96,565 | ശ്രീമതി.ജയന്തി.സി.ആർ ,ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-28 | ₹65,029 | ശ്രീമതി.ജയന്തി.സി.ആർ ,ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-30 | ₹1,48,385 | ശ്രീമതി.ജയന്തി.സി.ആർ ,ഐ സി ഡി എസ് സൂപ്പർവൈസർ |
| ആകെ | ₹17,09,979 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടക്കുന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ജയന്തി.സി.ആർ | സിഡിപിഒ,അട്ടപ്പാടി | ചെമ്പാപ്പുള്ളി ഹൗസ്, താണിശ്ശേരിപിഒ |
| ശ്രീ സജീവ്കുമാർ കെ ബി, സെക്രട്ടറി | വിരമിച്ചു | കളരിയ്ക്കൽ ഹൗസ്, പി ഒ ആളൂർ, കല്ലേറ്റുംകര വഴി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE/ CH/SCH) |
|---|---|---|---|---|---|
| 1 | 1998-99 (ചെലവ്) | LFT.9-499/2000 Dt.2.8.2000/ 6.11.2000 | 1 | 10 | CAR |
| 2 | 1999-2000 | LFT.9-164/2002 Dt.31.7.03 | 2 | 23, 24 | CAR |
| 3 | 2000-01 | LFT.9-180/2002 Dt.31.2.03 | 1 | 42 | |
| 4 | 2002-03 | LFT.9-2102/07 Dt.4.6.08/3.9.08 | 1 | 3-4 | |
| 5 | 2003-04 | LFT.9-2366/07 Dt.4.6.08/ 3.09.08 | 2 | 3-5, 3-6 | |
| 6 | 2006-07 | LFT.9-1636/09 Dt.6.12.10/7.2.11 | 1 | 3-6 | |
| 7 | 2007-08 | LFT.9-1220/10 Dt.19.5.11/4.10.11 | 5 | 2-3, 2-4, 2-5, 3-3(i,iii), 3-4(5) | |
| 8 | 2008-09 | LFT.9-1221/10 Dt.20.5.11/ 19.10.11 | 3 | 2-1, 2-2, 3-4 | |
| 9 | 2009-10 | LFT.(P1)-1099/12 Dt.5.10.12/2.4.13 | 3 | 2-2(ബി), 3-1(1), 3-2(4,5,6) | |
| 10 | 2010-11 | LFT(P1)-1100/12 Dt.5.10.12/ 2.4.13 | 3 | 2-1(എ,സി), 3-2, 3-8(4) | |

| | | | | | |
|---|---|---|---|---|---|
| 11 | 2011-12 | LFT(P1)-667/13 Dt.6.9.13 | 3 | 3-6, 3-14(5), 3-17 | |
| 12 | 2012-13 | LFT(P1)-301/14 Dt.2.7.14/3.9.14 | 3 | 2-4(2,3), 3-24, 3-26 | |
| 13 | 2014-15 | KSATSR(P1)-1004/16 Dt.22.6.16 | 7 | 2-1, 2-2, 3-13, 3-15, 3-16, 3-18, 3-22 | 2-2 (CAR) |
| 14 | 2015-16 | KSATSR (P3)-2050/16 Dt.30.1.17 | 7 | 2-5, 3-6, 3-12, 3-14, 3-16, 3-17, 3-33 | 2-5(CAR) |
| 15 | 2016-17 | KSATSR(P1)-1697/17 Dt.27.11.17/5.1.18 | 4 | 2-5, 3-4, 3-7, 3-8 | |
| 16 | 2017-18 | KSATSR(P1)-330/19 Dt.2.3.19 | 6 | 3-6,3-11(1), 3-20,3-21, 3-25,3-26(1) | |
| 17 | 2018-19 | KSATSR(P1)-1472/2019 Dt.13.12.19 | 4 | 1-22, 1-25(2), 1-27, 1-28(1,4) | |
| 18 | 2019-20 | KSATSR(P15) 927/2022 Dt.27/06/2022 | 45 | 1-10,1-11,1-12,1-13,1-14,1-15,1-16,1-17,1-18,1-19, 1-20,1-21,1-22, 1-23,1-24,1-25, 1-26,1-27,1-28, 1-29,1-30,1-31, 1-32,1-33,1-34, 1-35,1-36,1-37, 1-38,1-39,1-40, 1-41,1-42,1-43, 1-44,1-45, 1-46,1-47,1-48, 1-49,1-50,1-51, 1-52,1-53,1-54 | |
| 19 | 2020-21 | KSATSR(P15) 1186/2022 Dt.30/07/2022 | 61 | 1-10,1-11,1-12,1-13,1-14,1-15,1-16,1-17,1-18,1-19, 1-20,1-21,1-22, 1-23,1-24,1-25, 1-26,1-27,1-28, 1-29,1-30,1-31, 1-32,1-33,1-34, 1-35,1-36,1-37, 1-38,1-39,1-40, 1-41,1-42,1-43, 1-44,1-45, 1-46,1-47,1-48, 1-49,1-50,1-51, 1-52,1-53,1-54, 1-55,1-56,1-57, | |

| | | | | | |
|---|---|---|---|---|---|
| | | | | 1-58,1-59,1-60,<br>1-61,1-62,1-63,<br>1-64,1-65,1-66,<br>1-67,1-68,1-69,3-1 | |
| | ആകെ | | 167 | | |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്